VIII. LEGISLATIVE BUSINESS

The Kerala Industrial Employees Payment of Gratuity Bill

തൊഴിൽമന്ത്രി (ശ്രീ. മത്തായി മഞ്ഞൂരാൻ) : ഇന്നലെ ഇവിടെ അവതരിപ്പിച്ച കേരള ഇൻഡസ്ട്രിയൽ എംപ്ലോയീസ് പേമെന്റ് ഓഫ് ഗ്രാറ്റുവിറ്റി ബില്ലിന്റെ സെലക്ട് കമ്മിറ്റിയിൽ ബഹുമാനപ്പെട്ട എം. മൊയ്തീൻകുട്ടിഹാജിയുടെ പേരാണ് കൊടുത്തിട്ടുള്ളത്. അതിനുപകരം ബഹുമാനപ്പെട്ട വി. പി. സി. തങ്ങളെ മെമ്പറാക്കണമെന്നുള്ള അഭ്യർത്ഥനയുണ്ട്. അതു സഭയുടെ അംഗീകാരത്തിനു വേണ്ടി സമർപ്പിക്കുകയാണ്.

Mr. Speaker : I think that can be approved.

The change was approved by the House.

Mr. Speaker : Now I call upon the Minister for Education to move the Kerala Education (Amendment and Validation) Bill, 1969.

(i) The Kerala Education (Amendment and Validation) Bill, 1969.

Shri C. H. Mohammed Koya : Sir, I move that the Kerala Education (Amendment and Validation) Bill, 1969, as reported by the Select Committee, be taken into consideration.

Works Minister (**Shri T. K. Divakaran**) : Sir, I second it.

വിദ്യാഭ്യാസമന്ത്രി (ശ്രീ. സി. എച്ച്. മുഹമ്മദ്കോയ) : സർ, ഈ ബില്ലിനെ സംബന്ധിച്ചുള്ള സെലക്ട് കമ്മിറ്റി റിപ്പോർട്ട് ബഹുമാനപ്പെട്ട മെമ്പറന്മാർ വായിച്ചിട്ടുണ്ടാകും. വേണ്ടത്ര സമയം ഇക്കാര്യത്തിൽ അവർക്ക് ലഭിച്ചിട്ടില്ലെന്നുള്ളതു് ഒരു വസ്തുതയാണ്. പക്ഷേ ചില പ്രത്യേക പരിതഃസ്ഥിതിയിൽ അങ്ങനെ സംഭവിച്ചുപോയതാണ്. ഇതു് ഇന്നതന്നെ എടുക്കാനും പാസ്സാക്കിത്തരാനും ബഹുമാനപ്പെട്ട മെമ്പറന്മാർ സമ്മതിച്ചതനുസരിച്ചതിൽ എനിക്ക് പ്രത്യേകമായ കൃതജ്ഞതയുണ്ട്. ബില്ല് അവതരിപ്പിച്ച അവസരത്തിൽതന്നെ ഇതിനെ സംബന്ധിച്ചുള്ള വിശദവിവരങ്ങൾ ഞാൻ പറഞ്ഞതാണ്. അദ്ധ്യാപകരുടെ പേരിൽ നടപടികൾ എടുക്കേണ്ടുന്ന സന്ദർഭങ്ങളുണ്ടായാൽ അതനുസരിച്ച് നടപടി എടുക്കാൻ ഗവണ്മെന്റ് മുതിരുന്നതു് ആവശ്യമാണെന്നും അങ്ങനെ ചെയ്യുന്നതു മുമ്പു് മാനേജരോടു് ഈ നടപടി നടത്താൻവേണ്ടി ആവശ്യപ്പെടേണ്ടതാണെന്നും അവർക്ക് അതിനു ന്യായമായ സമയം കൊടുക്കേണ്ടതാണെന്നുമുള്ള അഭിപ്രായങ്ങളുണ്ടായിട്ടുണ്ട്. ഈവക കാര്യങ്ങളെ സംബന്ധിച്ചിടത്തോളം വ്യത്യസ്തങ്ങളായ അഭിപ്രായങ്ങളുണ്ടെന്നുള്ളതു് ഒരു പരമാർത്ഥമാണ്. എന്നാൽ സെലക്ട് കമ്മിറ്റിയിൽ ഇത്തരം വ്യത്യസ്തങ്ങളും വിരുദ്ധങ്ങളുമായ അഭിപ്രായങ്ങളെയെല്ലാം ഏകോപിപ്പിച്ച് ഡ്രാഫ്റ്റിനെ സംബന്ധിച്ചിടത്തോളം ഒരു അഭിപ്രായത്തിൽ എത്തിച്ചേരുകയാണ് ചെയ്തതു്. എല്ലാവർക്കും യോജിക്കത്തക്ക വിധത്തിലും അതേസമയത്തിൽ എല്ലാവർക്കും പരിപൂർണ്ണമായ തൃപ്തി ഇല്ലാത്ത വിധത്തിലുമാണ് ഡ്രാഫ്റ്റ് ഉണ്ടാക്കിയതെന്നുള്ളതും ഒരു വസ്തുതയാണ്. ഈ നിലയിൽ ഇനി പറയത്തക്ക അഭിപ്രായവ്യത്യാസങ്ങളൊന്നും ഞാൻ പ്രതീക്ഷിക്കുന്നില്ല. ഈ ബില്ല് പാസ്സാക്കിത്തരണം. ഇതു പാസ്സാക്കാനുള്ള അടിയന്തിരാവശ്യത്തെ സംബന്ധിച്ചും, കാരണങ്ങളെ സംബന്ധിച്ചും നേരത്തെ

LIBRARY ARCHIVES Kerala Legislative Assembly

പരിശോധിക്കുന്നതിൽ കൂടുതലായി ചർച്ചയും നടത്തി സമയത്തിനുവേണ്ടി വിഷമിക്കുന്നു ഈ ഘട്ടത്തിൽ സഭയുടെ സമയം നഷ്ടപ്പെടുത്തണമെന്നു് ആഗ്രഹം ഇല്ലാത്തതുകൊണ്ടു് ഈ പ്രസംഗം ഞാൻ ചുരുക്കുകയാണു്.

ശ്രീ. കെ. എം. മാണി : സർ, വകുപ്പു വകുപ്പായുള്ള പരിശോധനയ്ക്കു് വിധേയമാക്കുന്നതിനുമുമ്പു് ഈ ബില്ലിന്റെ ചില വകുപ്പുകളെ സംബന്ധിച്ചിടത്തോളം ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്താൻ ആഗ്രഹിക്കുകയുണ്ടു്. സർ, സെലക്ട് കമ്മിറ്റി ഒറിജിനൽ ബില്ല് പരിശോധിക്കുകയും കാതലായ രണ്ടു മാറ്റങ്ങൾ വരുത്തണമെന്നു് ആവശ്യപ്പെടുകയും ചെയ്തിരിക്കെ, ആ സെലക്ട് കമ്മിറ്റിയുടെ ആശയത്തിനു് അനുരൂപമല്ലാത്ത ചില വകുപ്പുകൾ ഇതിൽ കടന്നു പറിയിട്ടുള്ളതു് വാസ്തവത്തിൽ ശ്രദ്ധിക്കേണ്ടതാണു്. സെലക്ട് കമ്മിറ്റി റിപ്പോർട്ടിൽ 3-മതായുള്ള വകുപ്പു് 2-മത്തെ ഉപവകുപ്പിൽ പറയുന്നതു്

3 (2) : "Notwithstanding such repeal anything done or any action taken under the principal Act as amended by the said Ordinance shall be deemed to have been done or taken in exercise of the powers conferred under the principal Act as amended by this Act."

ഇതാണു്, ചുരുക്കത്തിൽ ഈ ഓർഡിനൻസു് കൊണ്ടുവന്നതിനുശേഷം ഗവണ്മെന്റു് അതിന്റെ അടിസ്ഥാനത്തിൽ ചെയ്തിട്ടുള്ള എല്ലാ കാര്യങ്ങൾക്കും നിയമസാധുതയും നൽകുന്ന ഒരു വകുപ്പായിട്ടാണു് ഇതു് നിൽക്കുന്നതു്. ഞാനിതു പറയാൻ കാരണം ഈ ആക്ട് പാസ്സാക്കുന്നതിനുമുമ്പു് എടുത്തിട്ടുള്ള യാതൊരു നടപടിക്കും നിയമസാധുതയും നൽകേണ്ട കാര്യമില്ല എന്നതിന്റെ അടിസ്ഥാനത്തിലാണു്. ആവശ്യമില്ല എന്നു പറയുന്നതു് ബഹുമാനപ്പെട്ട മന്ത്രി ചെയർമാനായ സെലക്ട് കമ്മിറ്റിയുടെ ആശയത്തിനു് പൊരുത്തപ്പെടുന്നില്ല എന്നതുകൊണ്ടുമാത്രമാണു്. സെലക്ട് കമ്മിറ്റിയുടെ ആശയം എന്താണെന്നു ചോദിച്ചാൽ അതിന്റെ റിപ്പോർട്ടിൽ പാരാ (4)-ൽ പറഞ്ഞിരിക്കുന്നതു്

"4. Clause 1.—Committee decided that there is no necessity to give retrospective effect to the Bill from 1st June 1969 and that it would be sufficient if the Bill is given prospective operation. Sub-clause (2) of clause 1 is therefore omitted.

5. Clause 2.—The Committee considered that before Government exercised the powers under this clause it is advisable that Government give a reasonable opportunity to the Manager to initiate disciplinary action against the teacher. In the circumstances the Committee decided to add the following proviso to clause 2 :—

അതായതു് പൂർവ്വകാലപ്രാബല്യത്തോടുകൂടി നിയമം കൊണ്ടുവരേണ്ടതില്ലെന്നും മാനേജരെ സംബന്ധിച്ചിടത്തോളം ഗവണ്മെന്റു് ഡിസിപ്ലിനറി ആക്ഷൻ എടുക്കുന്നതിനുമുമ്പു് മാനേജർക്കു് റീസണബിൾ ഓപ്പർച്യൂണിറ്റി നൽകിക്കൊണ്ടു് അതിനു ശേഷംമാത്രമേ ഗവണ്മെന്റിന്റെ അധികാരം വിനിയോഗിക്കാവൂ എന്നുള്ള ഭേദഗതിയോടുകൂടിയാണു് സെലക്ട് കമ്മിറ്റി ഈ ബില്ല് കൊണ്ടുവന്നതെന്നു് റിപ്പോർട്ടിൽ വ്യക്തമാക്കിയിട്ടുണ്ടു്. അപ്പോഴാണു് സെലക്ട് കമ്മിറ്റിയുടെ സ്പീഡ് ഇതാണു്. മാനേജരുടെ കാര്യത്തിൽ സംബന്ധിച്ചിടത്തോളം പൊതുചർച്ചാവേളയിൽതന്നെ വളരെയധികം വിമർശനങ്ങൾ ഉണ്ടായിട്ടുണ്ടു്. എഡ്യൂക്കേഷൻ ആക്ടു് 11-ാം വകുപ്പനുസരിച്ചു് അദ്ധ്യാപകരുടെ നിയമനാധികാരം മാനേജരിലാണു് നിക്ഷിപ്തമായിരിക്കുന്നതു്. മാനേജരാണു് അപ്പോയിന്റിംഗ് അതോറിറ്റി. ആ അപ്പോയിന്റിംഗ് അതോറിറ്റിയിൽനിന്നും ശിക്ഷണത്തിനുള്ള അധികാരം മറ്റൊരു ഏജൻസിക്കു കൊടുക്കുന്നതു് ഹൈക്കോടതി പറഞ്ഞിരിക്കുന്ന അഭിപ്രായത്തിനുതന്നെ വിപരീതമായ കാര്യമാണു്. ഇതിനെ സംബന്ധിച്ചിടത്തോളം ഞങ്ങൾക്കു് പൂർണ്ണമായി

LIBRARY ARCHIVES Kerala Legislative Assembly

ഇപ്പറയുന്നതുപോലെ ഗവണ്മെന്റ് മാനേജ്മെന്റിനെ കൂടാതെ യാതൊരു അറിവും കൊടുക്കാതെ ഏകപക്ഷീയമായി ആർബിട്രറിയായി ശിക്ഷണാധികാരം ഉപയോഗിക്കുന്നതു തെറ്റാണെന്നു് സെലക്റ്റ് കമ്മിറ്റി പറഞ്ഞിട്ടുണ്ടു്. ഞാൻ ഇതുയും വ്യക്തമാക്കിയതു് ഈ മൂന്നാം വകുപ്പു്. രണ്ടാം ഉപവകുപ്പു് ഇന്നു നിലനിൽക്കുന്നതു് യുക്തിഹീനമാണെന്നുള്ളതുകൊണ്ടാണു്. മൂന്നാം വകുപ്പു് നിലനിൽക്കുകയാണെങ്കിൽ ഈ ഓർഡിനൻസു് കൊണ്ടുവന്നതിനുശേഷം ഓർഡിനൻസിന്റെ വ്യവസ്ഥകൾക്കനുസരിച്ചു് നിയമപരമായ നടപടികളും ഗവണ്മെന്റും ഡിപ്പാർട്ടുമെന്റും എടുത്തിട്ടുണ്ടെങ്കിൽ ഇപ്പോൾ പറയുന്ന ബില്ലിന്റെ സ്കീമിൽ മാനേജ്മെന്റു് നമ്മൾ നോട്ടീസു് കൊടുത്തിരിക്കണം, അതിനുള്ള സൗകര്യം കൊടുത്തിരിക്കണമെന്നുണ്ടു്. പഴയ ഓർഡിനൻസു് ബില്ലനുസരിച്ചു് നടപടികളും സ്വീകരിച്ചിട്ടുണ്ടെങ്കിൽ ആ നടപടികളിൽ ഗവണ്മെന്റോ ഡിപ്പാർട്ടുമെന്റോ മാനേജ്മെന്റു് നോട്ടീസു് നൽകിക്കാണുകയില്ല. പഴയ ഓർഡിനൻസു് ബില്ലിലെ 12 എ–വ്യവസ്ഥയനുസരിച്ചു് മാനേജ്മെന്റു് നോട്ടീസു് കൊടുക്കണമെന്നുള്ള വ്യവസ്ഥ ഇല്ലെന്നും മാനേജ്മെന്റു് ഒരു സഫിഷ്യൻറു് ഓപ്പർച്യൂണിറ്റി നൽകേണ്ടതില്ലെന്നും അപ്പോൾ അതനുസരിച്ചു് ഡിപ്പാർട്ടുമെന്റു് നടപടി നടത്തിയിട്ടുണ്ടെങ്കിൽ അതു സാധുവായി പരിഗണിക്കപ്പെടുമെന്നും പറഞ്ഞിരിക്കുന്നതു് തെറ്റാണു്. ഇതിൽ പറഞ്ഞിരിക്കുന്നതു് മാനേജ്മെന്റു് സഫിഷ്യൻറു് ഓപ്പർച്യൂണിറ്റി നൽകുന്നതിനു് സമയം കൊടുക്കണമെന്നാണു്. ഇങ്ങനെയുള്ള സമീപനം സ്വീകരിച്ചുകൊണ്ടു് സെലക്റ്റ് കമ്മിറ്റി ഈ ബില്ലു് റിപ്പോർട്ടു ചെയ്തിട്ടുള്ള സ്ഥിതിക്കു് മാനേജ്മെന്റു് സഫിഷ്യൻറു് ഓപ്പർച്യൂണിറ്റി നൽകാതെ കുറെ സമയം അനുവദിച്ചുകൊടുക്കാതെ ഗവണ്മെന്റിനെ സംബന്ധിച്ചിടത്തോളം ഗവണ്മെന്റു് ഏകപക്ഷീയമായി ആർബിട്രറിയായി എടുത്തിട്ടുള്ള നടപടി ഒരുകാലത്തും സാധുവാക്കിക്കൂടാ. അതുകൊണ്ടു് മൂന്നാമത്തെ വകുപ്പു് സെലക്റ്റ് കമ്മിറ്റിയുടെ അഭിപ്രായത്തിനു് വിരുദ്ധമാണു്, അതിന്റെ സ്പിരിറ്റിനെതിരാണു്, സ്കീമിനെതിരാണു്, അതു നിലനിൽത്തരുതെന്നാണു് എനിക്കു പ്രധാനമായി പറയാനുള്ളതു്.

അതുപോലെതന്നെ ഈ ബില്ലിനെ സംബന്ധിച്ചിടത്തോളം സെലക്റ്റ് കമ്മിറ്റി ചില ഭേദഗതികളും സ്വീകരിച്ചിട്ടുണ്ടെങ്കിൽതന്നെയും പരിപൂർണ്ണമായും ഇതിലുള്ള പിശകു് പരിഹരിക്കപ്പെട്ട എന്നു് അവകാശപ്പെടാനില്ല. ഇനിയും പോരായ്മകളും പലതും ഒളിഞ്ഞുകിടപ്പുണ്ടു്. സർ, ഇപ്പോഴത്തെ ബില്ലിന്റെ 2-ാമത്തെ വകുപ്പിന്റെ പ്രൊവൈസോയിൽ പറഞ്ഞിരിക്കുന്നതു്

Provided that—

(a) before exercising the powers under this section the Government or the authorised officer as the case may be, may intimate the Manager regarding the circumstances requiring disciplinary action against the teacher concerned and give the Manager a reasonable opportunity of taking disciplinary action."

മാനേജ്മെന്റു് സമയം അനുവദിച്ചുകൊടുക്കാമെന്നു പറയുന്നുണ്ടെങ്കിലും എത്ര സമയമാണു് കൊടുക്കുന്നതെന്നു് വ്യക്തമായി പറഞ്ഞിട്ടില്ല.

'The Government shall give a reasonable time to the Manager' എന്നുള്ള ഒറ്റ വാക്കുകൊണ്ടു് ഇതിലുള്ള പിശകു് തിരുത്തപ്പെട്ട എന്നു് ഞാൻ കരുതുന്നില്ല. ഞാൻ നേരത്തെ അഭിപ്രായപ്പെട്ടതുപോലെ വളരെ കാതലായ പ്രശ്നമാണിതു്. ഈ രാജ്യത്തു് സ്വകാര്യ എജൻസികളും സ്കൂളുകളും സ്ഥാപിച്ചു നടത്തുന്നതിനുള്ള അവകാശം ഭരണഘടനാപരമായി ഉള്ളതാണു്. ജന്മസിദ്ധമായ അവകാശമാണു്. ന്യൂനപക്ഷസമുദായങ്ങളെ സംബന്ധിച്ചിടത്തോളം ഭരണഘടനയിൽ പ്രത്യേകമായ അവകാശം നൽകിയിട്ടുണ്ടു്. തീർച്ചയായും അപ്പോയിൻറിംഗ് അതോറിറ്റിയിൽ നിന്നും ഡിസിപ്ലിനറി പവ്വേഴ്സ് എടുത്തുമാറ്റുന്നതു് ഭരണഘടനാവിരുദ്ധമായിരിക്കും, ന്യൂനപക്ഷസമുദായങ്ങൾക്കു നൽകിയിരിക്കുന്ന സംരക്ഷണവ്യവസ്ഥകൾക്കു്

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

വിശദമായിരിക്കും. റീസണബിൾ റസ്ട്രിക്ഷൻ മാത്രമേ ഏർപ്പെടുത്താവൂ ഡിപ്പാർട്ടുമെന്റ് മേധാവികൾക്ക് ഒരു ഡിസിപ്ലിനറി ആക്ഷൻ എടുക്കണമെന്നു തോന്നുകയാണെങ്കിൽ ഇപ്പോഴത്തെ ഈ ബില്ല് പാസ്സായാൽ ആവശ്യത്തിനുള്ള സമയം കിട്ടുകയില്ല ഒരാഴ്ചയ്ക്കും അല്ലെങ്കിൽ 10 ദിവസത്തിനകം എന്നു നോട്ടീസ് കൊടുക്കുകയാണു്. അങ്ങനെ നോട്ടീസു കൊടുത്ത കാലാവധിക്കുള്ളിൽ മാനേജർ നടപടി എടുക്കാൻ കഴിയാതെവരുന്നപക്ഷം ഗവണ്മെന്റ് നേരിട്ട് ഈ ഡിസിപ്ലിനറി ആക്ഷൻ എടുക്കുകയാണു്. ഞാൻ പറയാനാഗ്രഹിക്കുന്നതു് പലപ്പോഴും ഒരു നോട്ടീസ് മാനേജർക്കു കൊടുത്തുകൊണ്ട് പല കേസുകളിലും ആർബിട്രറിയായി ഗവണ്മെന്റിനു നൽകുന്ന അധികാരം ദുർവിനിയോഗിക്കാൻ ഈ വകുപ്പ് സൗകര്യം നൽകുന്നതായിരിക്കും. അതുകൊണ്ട് വളരെ വ്യക്തമായി മൂന്നു മാസത്തിനകം എന്നു പറയണം. ഒരദ്ധ്യാപകന്റെ പേരിൽ കേസുണ്ടെന്നു വയ്ക്കുക. അയാൾക്ക് മതിയായ ശിക്ഷ നൽകേണ്ടതാണു്. അങ്ങനെ ശിക്ഷ നൽകണമെന്നു് മൂന്നു മാസത്തിനകം ശിക്ഷ നൽകണമെന്നു് നിർദ്ദേശം കൊടുത്തതിനുശേഷം അതുയും കാലാവധി കഴിഞ്ഞതിനുശേഷം മാനേജർ അതു് പാലിക്കാതിരിക്കുകയാണെങ്കിൽ ഗവണ്മെന്റിനു് എന്തെങ്കിലും ശിക്ഷണനടപടി നേരിട്ടു നടത്താൻ സാധിക്കും. എങ്കിൽ അതു് റീസണബിൾ റസ്ട്രിക്ഷനാണെന്നു പറയാൻ സാധിക്കും. വെറുതെ റീസണബിൾ ടൈം എന്നു പറഞ്ഞുകൊണ്ട് ഓരോ കാലത്തും വരുന്ന ഡി. പി. ഐ.യുടെ ഇംഗിതത്തിനു വിട്ടുകൊടുത്തുകൂടാ. റീസണബിൾ ടൈം എന്നു പറയുമ്പോൾ ഒരു ഡി. പി. ഐ. 10 ദിവസമായിരിക്കും വയ്ക്കുന്നതു് വേറൊരാൾ 15 ദിവസമായിരിക്കും, വേറൊരാൾ ഒരാഴ്ച എന്നു വയ്ക്കും വേറൊരാൾ ടെലിപ്രിന്റർ മെസേജു കൊടുക്കും. ഇക്കാലത്തു് ഭരണം പോകുന്നതു് ടെലിപ്രിന്റർ മെസേജുവഴിയൊക്കെയാണു്. ഈ സെക്രട്ടേറിയറ്റിൽ അല്ലെങ്കിൽ ഡി. പി. ഐ.യുടെ ആഫീസിൽ ഇരുന്നുകൊണ്ട് മാനേജർക്കു് ടെലഗ്രാം കൊടുത്തുകൊണ്ട് ഒറ്റ ദിവസത്തിനകം You have to take di ciplinary action immediately, forthwith' എന്നു് ടെലഗ്രാം കൊടുത്തശേഷം ഒരു ദിവസത്തിനകമോ രണ്ടു ദിവസത്തിനകമോ മാനേജർ ശിക്ഷണനടപടികൾ എടുക്കണമെന്നു പറഞ്ഞാൽ അങ്ങനെ നടപടി എടുക്കാൻ കഴിയാതെപോകുന്നപക്ഷം അതിന്റെപേരിൽ ഈ ഗവണ്മെന്റിനു, ഡിപ്പാർട്ടുമെന്റിനു് ആർബിട്രറിയായി നടപടി എടുക്കാൻ കഴിയും. ഇങ്ങനെയുള്ള കുഴപ്പം ഉണ്ടാകാതിരിക്കാൻ വേണ്ടിയാണു് പറയുന്നതു് റീസണബിൾ കാപ്പർച്യൂണിറ്റി എന്നുള്ള വാക്കു് ഓരോരുത്തരുടെയും വ്യാഖ്യാനത്തിനനുസരിച്ചു് വിട്ടുകൊടുക്കാനുള്ള പദപ്രയോഗമല്ല. കുറഞ്ഞതു് മൂന്നു മാസത്തെ കാലാവധി വച്ചുകൊണ്ടു് ആ കാലത്തിനുള്ളിൽ മാനേജർ ആ നിർദ്ദേശം സ്വീകരിക്കാതിരിക്കുന്നുവെങ്കിൽ ഡിപ്പാർട്ടുമെന്റു് ശിക്ഷണനടപടികൾ സ്വീകരിച്ചുകൊള്ളണം. ഇതിനെ സംബന്ധിച്ചിടത്തോളം ചില പൊതുവായിട്ടുള്ള നിർദ്ദേശങ്ങൾ എനിക്കു് ബഹുമാനപ്പെട്ട മന്ത്രിയുടെ ദൃഷ്ടിയിൽപ്പെടുത്താനുണ്ട്. പൂർവ്വകാല പ്രാബല്യം വേണ്ട എന്നുള്ള സെലക്ടുകമ്മിറ്റിയുടെ ആഗ്രഹത്തിനു വിപരീതമായി ചില വകുപ്പുകൾ ഇതിൽ കടന്നുകൂടിയിട്ടുണ്ടു്. സെലക്ടുകമ്മിറ്റി നിർദ്ദേശിച്ച പ്രകാരമുള്ള വകുപ്പുകൾക്കുമാത്രമേ സാധുകരണം നൽകാവൂ. അതിനെതിരായ വകുപ്പുകൾക്കു് യാതൊരു കാരണവശാലും നിയമസാധുതയും നൽകരുതു്. ചില വകുപ്പുകൾക്കു് ഭേദഗതിനിർദ്ദേശം നൽകിയിട്ടുണ്ടു്. വകുപ്പുവകുപ്പായുള്ള ചർച്ചകളിൽ ബാക്കി കാര്യങ്ങൾ പറഞ്ഞുകൊള്ളാം. ബഹുമാനപ്പെട്ട മന്ത്രി ഈ നിർദ്ദേശം സ്വീകരിക്കുമെന്നു വിശ്വസിക്കുകയാണു്.

ശ്രീ. കെ. എം. ജോർജ്ജ് : സർ, ഞാൻ വളരെ കുറച്ചുമാത്രമേ പറയുന്നുള്ളു. എന്റെ സ്നേഹിതൻ ശ്രീ. കെ. എം. മാണി ഉന്നയിച്ച വാദങ്ങളൊന്നും ഞാൻ ആവർത്തിക്കുന്നില്ല. അതേ സമയം ഈ അമെൻഡുമെന്റു് ബില്ലു് കൃത്യസമയത്തിനുള്ളിൽ നിയമമാക്കേണ്ടതുണ്ടു്. അതേപ്പറ്റി ഞങ്ങൾക്കാർക്കും അഭിപ്രായവ്യത്യാസമില്ല. എന്നിരുന്നാലും വളരെയേറെ ദൂരവ്യാപകമായ ഫലങ്ങൾ ഉളവാകുന്ന ഭേദഗതി നിയമമാക്കുന്നു് പാസ്സാക്കാൻ പോകുന്നതെന്നതുകൊണ്ടു് ഒന്നു രണ്ടു കാര്യങ്ങൾ

പറയാതിരിക്കാൻ നിവൃത്തിയില്ല. സ്വകാര്യ മേഖലയിലെ വിദ്യാലയങ്ങളിൽ ചിലതിൽ ഹെഡ്മാസ്റ്റർമാർ തന്നെ മാനേജരായിരിക്കുന്ന അവസ്ഥയുണ്ട്. ചില മാനേജർമ്മാർ വേണ്ടതുപോലെ വിദ്യാലയങ്ങളിൽ അച്ചടക്കം പാലിക്കുന്നില്ല എന്നുള്ളതിന്റെ പേരിലാണ് ഗവണ്മെന്റ് ഇപ്പോൾ ഒരു ഭേദഗതി കൊണ്ടുവന്നിട്ടുള്ളതെന്നു ഞാൻ മനസ്സിലാക്കുന്നു. അതിനോട് സഹകരിക്കുന്നതിനു ഞങ്ങൾക്കു യാതൊരു വിരോധവുമില്ല. പക്ഷേ അതു സമയം നിയന്ത്രണപരമായും ഭരണഘടനാപരമായും ഉള്ള അവകാശങ്ങളും ഒരു വിഭാഗത്തെ സംബന്ധിച്ചിടത്തോളം റദ്ദു ചെയ്യരുതെന്നും സ്വകാര്യമേഖലയിലെ വിദ്യാലയാന്തരീക്ഷം ഭംഗിയായി നടക്കത്തക്കവിധം വേണം ഈ നിയമം പാസ്സാക്കാനെന്നും ഞാൻ ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തുകയാണ്. സർ, ശ്രീ. മാണി ചൂണ്ടിക്കാണിച്ചതുപോലെ സെലക്ട് കമ്മിറ്റിയിൽ വന്നിട്ടുള്ള ഒരു കൈപ്പിഴ അതേതങ്ങനെ വന്നു എന്നു മനസ്സിലാകുന്നില്ല. സെലക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തതുപോലെയുള്ള 3-ാം വകുപ്പ് 2-ാം ഉപവകുപ്പ് എങ്ങനെ വന്നു എന്നു മനസിലാകുന്നില്ല. അങ്ങനെ വന്നാലും അതു നിലനിൽക്കുമെന്നും തോന്നുന്നില്ല. ബില്ലിന്റെ മെത്തത്തിലുള്ള സമീപനത്തിൽ തന്നെ പിശകു വന്നതു ഞാൻ മുമ്പേ ചൂണ്ടിക്കാണിച്ചതാണ്. ഈ മനോഭാവം ഗവണ്മെന്റു ഒരു കാരണവശാലും വച്ചുപുലർത്തരുതെന്നു ഞാൻ ആവർത്തിച്ചു പറയുകയാണ്. സ്വകാര്യ മേഖലയിലെ അദ്ധ്യാപകർക്കുള്ള ശമ്പളം ഗവണ്മെന്റു ട്രഷറിയിൽ നിന്നു കൊടുക്കുന്നുണ്ട്. അതുകൊണ്ടു മാത്രം അധികാരം മുഴുവൻ ഗവണ്മെന്റിന്റെ കൈയിലേക്കു വന്നു ചേരുന്നു എന്നുള്ള മനോഭാവം ശരിയല്ല. നമ്മുടെ സെക്രട്ടറിയറ്റിന്റെയും നിയമസഭയുടെയും തൊട്ടുമുമ്പിലുള്ള യൂണിവേഴ്സിറ്റി കോളേജിലെ പോസ്റ്റ് ഗ്രാഡുവേറ്റു കോഴ്സിനും ഗ്രാഡുവേറ്റു കോഴ്സിനും പഠിക്കുന്ന പാവപ്പെട്ട വിദ്യാർത്ഥികൾ ഇരുപതും ഇരുപത്തഞ്ചും വയസ്സു പ്രായമുള്ള യുവാക്കൾ ഇന്നലെ ഞങ്ങളുടെ അടുക്കൽ വന്നു കണ്ണുനീരോടുകൂടി ചില കാര്യങ്ങൾ പറഞ്ഞു. സമയം ഇല്ലാത്തതുകൊണ്ടു ഞാൻ ഇതിനെപ്പറ്റി കൂടുതൽ പറയുന്നില്ല. വിദ്യാഭ്യാസ മന്ത്രിക്കു ഇതിന്റെ കാര്യങ്ങളൊക്കെ നല്ലതുപോലെ അറിയാം. നിയമസഭയിൽ ഇതൊക്കെ ഉന്നയിക്കണമെന്നു പറഞ്ഞു കണ്ണുനീരോടുകൂടി വിദ്യാർത്ഥികൾ ഇന്നു അപേക്ഷിച്ചുതിരിയുകയാണ്. ഇവിടെ സ്വകാര്യമേഖലയിൽ യാതൊരു ന്യൂനതയും ഇല്ല. യൂണിവേഴ്സിറ്റി കോളേജിൽപോലും ശരിയായി അദ്ധ്യയനം നടത്താൻ സാധിക്കുന്നില്ല.

ഇക്കാര്യം നോക്കുമ്പോൾ സ്വകാര്യമേഖലയെപ്പറ്റിയുള്ള തെറ്റിദ്ധാരണ നീങ്ങേണ്ടതാണ്. ഈ രാജ്യത്തെ മുഴുവൻ പൗരന്മാരുടെ അവകാശമാണത്. സ്വകാര്യമേഖലകൂടി വിദ്യാഭ്യാസം മെച്ചപ്പെടുത്തുവാൻവേണ്ടി വളരെയധികം പ്രയത്നിക്കുന്നുണ്ട്. പിന്നെ ഉദ്യോഗസ്ഥന്മാരുടെ മനോഭാവത്തിനു ഒരു മാറ്റമുണ്ടാകുകയാണെങ്കിൽ സംഗതികൾ വളരെയധികം പുരോഗമിക്കുമെന്നു പറയുവാൻ ഞാനാഗ്രഹിക്കുകയാണ്. അതുകൊണ്ടു ഇക്കാര്യങ്ങളെല്ലാം സെലക്ട്കമ്മിറ്റി പരിഗണിക്കേണ്ടതായിരുന്നു. അതുപോലെ തന്നെ നമ്മുടെ അനേകം അദ്ധ്യാപക സംഘടനകൾ തങ്ങളുടെ അഭിപ്രായങ്ങൾ ഇതിനകം പ്രകടിപ്പിച്ചിട്ടുണ്ട്. അവർക്കു ഒരു യജമാനന്റെ കീഴിൽ ജോലിചെയ്യണമെന്നുള്ള അഭിപ്രായമാണ് ഉള്ളതു്. അപ്പോൾ പ്രൈവറ്റു മാനേജരന്മാരുടെ കീഴിൽ നിന്നു രക്ഷപ്പെടണമെന്നുള്ള അഭിപ്രായം അദ്ധ്യാപകർക്കു ഉള്ളതായി മനസ്സിലാകുന്നില്ല. രക്ഷപ്പെടണമെന്നു ആഗ്രഹമുള്ള ഒരു കൂട്ടർ കാണുകയും. ഇല്ലെന്നു ഞാൻ പറയുന്നില്ല. രണ്ടു യജമാനന്മാരെ സേവിക്കുകയെന്നുള്ളതു പ്രയാസമാണ്. രണ്ടു അധികാരങ്ങളും തമ്മിൽ സംഘട്ടനമുണ്ടായി കുഴപ്പമുണ്ടാകാത്ത വിധത്തിലുള്ള നിയമങ്ങളാണ് നിർമ്മിക്കേണ്ടതു്. ഈ അടിസ്ഥാനപരമായ കാര്യങ്ങളും മന്ത്രി ശ്രദ്ധിക്കണമെന്നു പറഞ്ഞുകൊണ്ടു ഞാൻ എന്റെ വാക്കുകളും അവസാനിപ്പിക്കുന്നു.

കെ. എ. ശിവരാമഭാരതി : സർ, ഈ ബില്ലിൽ പ്രധാനമായിട്ടു രണ്ടു സംഗതികളാണ് ചൂണ്ടിക്കാണിക്കാൻ ഞാൻ ആഗ്രഹിക്കുന്നതു്. ഇതിനു മുമ്പു

LIBRARY ARCHIVES Kerala Legislative Assembly

ഇവിടെ സംസാരിച്ച ബഹുമാനപ്പെട്ട മെമ്പർമാർ പ്രകടിപ്പിച്ച അഭിപ്രായങ്ങൾ ആവർത്തിക്കേണ്ടയാവശ്യമില്ല. ഈ കഴിഞ്ഞ കൊല്ലങ്ങളിൽ അനുഭവത്തിലുണ്ടായിട്ടുള്ള ചില സ്ഥിതികൾ ഗവർണ്മെൻറിന്റെ മുമ്പിൽ പ്രസ്താവിക്കാൻ ഞാൻ ആഗ്രഹിക്കുകയാണു്. സെക്ഷൻ 3 സബ് ക്ലാസ് 2-ൽ എഴുതിയിട്ടുള്ളതു് "Notwithstanding such repeal any thing done or any action taken under the principal Act as amended by the said Ordinance shall be deemed to have been done or taken in exercise of the powers conferred under the principal Act as amended by this Act" എന്നാണു്. ഈ ആക്ടു് നിയമമാകുമ്പോൾ ഇതിനു് പൂർവ്വകാലപ്രാബല്യം കൊടുക്കേണ്ട എന്നു പറഞ്ഞുകൊണ്ടു് എടുത്തിട്ടുള്ള നടപടിക്കു് കടകവിരുദ്ധമാണെന്നു് ഈയവസരത്തിൽ ചൂണ്ടിക്കാണിക്കുവാൻ ഞാനാഗ്രഹിക്കുന്നു. വലതു കൈകൊണ്ടു് കൊടുക്കുകയും ഇടതുകൈകൊണ്ടു് തിരിച്ചെടുക്കുകയും ചെയ്യുന്ന നടപടിയാണു്. കഴിഞ്ഞ കാലത്തു് ഹൈക്കോടതിയെടുത്തിട്ടുള്ള ചില തീരുമാനങ്ങളിലേക്കു് ഞാൻ പ്രത്യേകം ശ്രദ്ധിക്കുകയാണു്. ഹൈക്കോടതി, ഈ കാര്യത്തെ സംബന്ധിച്ചിടത്തോളം എടുത്തിട്ടുള്ള നടപടി ശരിയല്ലെന്നു പറഞ്ഞുകൊണ്ടു് അതു പിൻവലിക്കണമെന്നും പറഞ്ഞതിനുശേഷം നാളിതുവരെയായിട്ടും അതു പിൻവലിച്ചിട്ടില്ല. ഈ ബില്ലിൽ തുടങ്ങും ചെയ്ത തരത്തിലുള്ള ഒരു നടപടി ശരിയാണെന്നു് സാധൂകരിക്കുവാനുള്ള ഒരു ശ്രമം നടത്തിയിരിക്കുന്നതു് മാനേജരോടുള്ള ആദരവുകൊണ്ടാണെന്നു ഞാൻ പറയുന്നില്ല. അദ്ധ്യാപകരോടുള്ള വിരോധം കൊണ്ടാണോ? അദ്ധ്യാപകരോടുള്ള വിരോധംകൊണ്ടാണു് ഇത്തരത്തിലുള്ള നടപടി സ്വീകരിച്ചതെന്നു പറയാൻ ഞാനാഗ്രഹിക്കുന്നു.

<u>ശ്രീ എൻ. കെ. ശേഷൻ</u> : മാനേജരന്മാർ എടുത്തില്ലെങ്കിൽ ഗവർണ്മെൻറിനു് എടുക്കുവാനുള്ള അധികാരം വേണമെന്നാണോ ബഹുമാനപ്പെട്ട മെമ്പർ പറയുന്നതു്.

<u>ശ്രീ. കെ. എ ശിവരാമഭാരതി</u> : ഞാൻ അതു മനസ്സിലാക്കിക്കൊണ്ടതാണെന്നാണു് പറയുന്നതു്. ഈ ഓർഡിനൻസ് വന്നുകഴിഞ്ഞതിനുശേഷം അതനുസരിച്ചു് എടുത്തിട്ടുള്ള നടപടി ശരിയല്ലെന്നു് പറഞ്ഞുകൊണ്ടു് ഹൈക്കോടതി വിധി.....

<u>ശ്രീ. സി. എച്ചു്. മുഹമ്മദുകോയ</u> : ഹൈക്കോടതി വിധിക്കു ശേഷമാണു് ഓർഡിനൻസ് വന്നതു്.

<u>ശ്രീ കെ എ. ശിവരാമഭാരതി</u> : ഹൈക്കോടതി വിധി വന്നതിനെ സംബന്ധിച്ചാണു് പറയുന്നതു്. തീർച്ചയായും ഈ കാര്യങ്ങളെ സംബന്ധിച്ചിടത്തോളം ഗ്രഹമാണു് കാണിച്ചിട്ടുള്ളതു് എന്നാണു് ഞാൻ പറയുന്നതു്. ഈ അദ്ധ്യാപകർക്കു് സീനിയോറിറ്റി നഷ്ടപ്പെടുകയാണു്. ഇത്തരത്തിലുള്ള സംഭവങ്ങളാണു് ഇവിടെ ഉണ്ടായിട്ടുള്ളതു്. ചില അദ്ധ്യാപകരെ തിരിച്ചെടുക്കുകയും ചില അദ്ധ്യാപകരെ തിരിച്ചെടുക്കാതിരിക്കുകയും ചെയ്തിട്ടുണ്ടു്. ഇതു സംബന്ധിച്ചു് ഒരു നടപടിയും ഈ ഗവർണ്മെൻറു് സ്വീകരിച്ചിട്ടില്ല ആ അദ്ധ്യാപകരെ തിരിച്ചെടുക്കുന്നതിനു് ആവശ്യമായ നടപടി ഇതിനകത്തു് ബാധകമാക്കിയിട്ടില്ല. ഇങ്ങനെ വരുമ്പോൾ ഇത്തരത്തിലുള്ള ഒരു നടപടി സ്വീകരിക്കുന്നതിനുള്ള ഉപാധി ഇല്ലാതെയാകും. ഈ അവസരത്തിൽ ചൂണ്ടിക്കാണിക്കുവാനുള്ളതു് ഇത്തരത്തിൽ ബുദ്ധിമുട്ടുകൾ വന്നിട്ടുള്ള അദ്ധ്യാപകരുടെ കാര്യത്തിൽ എന്തെങ്കിലും ആശ്വാസകരമായ നടപടി സ്വീകരിക്കണമെന്നാണു്. ഹൈക്കോടതി വിധിയനുസരിച്ചുള്ള ആനുകൂല്യം അനുവദിച്ചുകൊടുക്കണമെന്നാണു് എനിക്കു പറയുവാനുള്ളതു്. ഇത്തരത്തിലുള്ള ഒരു സംശയവും ഈ നിയമത്തിൽ ചൂണ്ടിക്കാണിക്കേണ്ടതായി വരരുതു്. സമയക്കുറവു കാരണം ഞാൻ ദീർഘിപ്പിക്കുന്നില്ല.

വിദ്യാഭ്യാസമന്ത്രി (<u>ശ്രീ. സി. എച്ചു്. മുഹമ്മദുകോയ</u>) : സർ, ഖണ്ഡിക ഖണ്ഡികയായി ഉള്ള അഭിപ്രായങ്ങളും പരാമർശങ്ങളും ഉണ്ടായതായി കാണുന്നു. അതിനുള്ള മറുപടി ഖണ്ഡിക ഖണ്ഡികയായി ഉള്ള ചർച്ചാസമയത്തേക്കു് മാറ്റി

LIBRARY ARCHIVES Kerala Legislative Assembly

വസ്തുകയാണു്. ആകപ്പാടെ ഇവിടെ എന്തോ ഒരു വലിയ ദ്രോഹം ചെയ്തിരിക്കുന്നു. ഇതുയും കാലമായൊന്നും ഇല്ല ത്ത സ ഗതികം നടന്നിരിക്കുന്ന എന്ന രീതിയിൽ ചില പരാമ ശങ്ങളം വന്നതുകൊണ്ടു് അല്പം ചരിത്രപരമായ പശ്ചാത്തലത്തി ലേക്കു് കടക്കണമെന്നു് ആഗ്രഹിക്കുന്നു. ഈ ബില്ലിനെ സംബന്ധിച്ചിടത്തോളം ഇതിന്റെ പശ്ചാത്തലമെന്താണെന്നുവച്ചാൽ നേരത്തെ ഈ നിയമം ഉണ്ടായിരുന്നു വെന്നതാണു്. അഞ്ചു്, ആറു് കൊല്ലമായി ഇതു് പ്രാബല്യത്തിലിരിക്കുകയും ചെയ്തിരിക്കുന്നു. അല്പാതെ വളരെക്കാലമായി ഇവിടെ നടന്നുകൊണ്ടിരിക്കുന്ന ത ൽ എന്തെങ്കിലും കാര്യമായ മാറ്റം വരുത്തി അദ്ധ്യാപകന്മാരെയും മാനേജ്മെൻറു കളെയും പിടിച്ചു ശരിപ്പെടുത്തിക്കളയാൻവേണ്ടി ഈ നിയമം കൊണ്ടുവന്നതാണെന്നു തെറ്റിദ്ധാരണ ഉണ്ടാകരുതെന്നു കരുതി മാത്രമാണു് ചരിത്രം പറഞ്ഞതു്. ഈ പരാമർശങ്ങളൊക്കെ കേട്ടപ്പോൾ രസാവഹമായ ഒരു കഥയാണു് ഓർമ്മ വരുന്നതു്. അതായതു്, ഒരു ബ്രാഹ്മണനു് ഉണ്ടായ സംശയം, പുഴയുടെ അക്കര ചങ്ങലയിട്ടു പൂട്ടിയിരിക്കുന്ന നായു്, പുഴയിലെ വെള്ളം വറ്റുകയും ചങ്ങല പൊട്ടിച്ചു് ഇക്കരെ വന്നു കടിക്കുകയും ചെയ്യുമെങ്കിലോ എന്നു്. മാനേജ്മെൻറു് സ്കൂളുകളെ സംബന്ധിച്ചും കോളേജു് വിദ്യാർത്ഥികൾക്കു് ഉണ്ടാവുന്ന ദുരിതത്തെ സംബന്ധിച്ചും ബഹുമാനപ്പെട്ട കെ. എം. ജോർജ്ജു് ഇവിടെ പറയുകയുണ്ടായി. ഇതുമായി ബന്ധമില്ലെങ്കിലും വാസ്തവത്തിൽ ഇവിടെ പറയേണ്ട ചില സംഗതികളും അദ്ദേഹം പറഞ്ഞതാണു്. എവിടെനിന്നും പറയാവുന്ന കാര്യമാണു്. നമ്മുടെ വിദ്യാലയങ്ങളിൽ ചിലതു നടത്തിക്കൊണ്ടുപോകുന്നതിനു് ചില തടസ്സങ്ങളും ഉണ്ടാകാം. ശരിക്കു പഠിക്കാൻ ആഗ്രഹിക്കുന്നവരെന്നു് പല ഭാഗങ്ങളിൽനിന്നും വിദ്യാർത്ഥികളുതന്നെ പറഞ്ഞതായി കേൾക്കുന്നതിൽ സന്തോഷമുണ്ടു്. ഈ ആളുകളുടെ പേരിൽ എന്തെങ്കിലും നടപടി എടുക്കുമ്പോൾ, ബഹളം ഉണ്ടാകും എന്ന നില മാറുന്നുവെന്നാണു് കാണിക്കുന്നതു്.

രണ്ടുമന്ത്രി ഖണ്ഡികകളെ സംബന്ധിച്ചു് പരാമർശങ്ങളും ബഹുമാനപ്പെട്ട മാണിയും ബഹുമാനപ്പെട്ട ശിവരാമഭാരതിയും ബഹുമാനപ്പെട്ട ജോഷിയും ഇവിടെ ഉന്നയിക്കുകയുണ്ടായി. ആ കാര്യങ്ങളെക്കുറിച്ചു് ഖണ്ഡികകളെപ്പറ്റിയുള്ള ചർച്ച ഉണ്ടാകുമ്പോൾ പറയാം. പൊതുവായി ഇത്രമാത്രമേ പറയുന്നുള്ളൂ. ഈ സെലക്ടുകമ്മിറ്റി റിപ്പോർട്ടു് പരിഗണനയ്ക്കെടുക്കണമെന്നു് അഭ്യർത്ഥിക്കുന്നു.

The question that the Kerala Education (Amendment and Validation) Bill, 1969, as reported by the Select Committee be taken into consideration was put and carried.

The Bill was taken into consideration.

Clause 2

Shri C. H. Mohammed Koya : Sir, I move the following amendments :

1. In clause 2 (in the newly proposed Section 12 A) in the proviso, in (a), the words "this section" may be substituted by the words figure and brackets "sub-section (1)" and at the end the full stop may be substituted by a semi colon and the word "and" may be inserted after the semi colon.

2. In clause 2 (in the newly proposed Section 12A) in the proviso, in (b), the words "under the proviso" shall be omitted.

LIBRARY ARCHIVES Kerala Legislative Assembly

[Deputy Speaker in the Chair]

Shri N. K. Seshan : Sir, I move my amendment :

"In clause 2 (in the newly proposed Section 12 A) in the proviso, in (a), in line 3, delete the word 'requiring' and insert the word 'warranting'.

Though it appears to be a very simple amendment I feel it is sufficiently important. The change that I have sought to incorporate in this section is for the replaeement of the word 'requiring' by the word 'warranting'.

In this connection, I would like to explain why I have sought the replacement of the word "requiring" by the word "warranting". When this Bill was first introduced by the hon. Minister for Education a few days ago, I had expressed my opposition to the introduction of such a clause purely on theoretical grounds and personal faith. Then the Minister was kind enough to explain why such an amendment was needed and how it was essential to have such an amendment incorporated into the Act, consequent upon a judgment of the Kerala High Court. So as a compromise, at the last meeting of the Select Committee, it was decided that this amendment should find a place in the Act. It is here that the importance of my amendment comes in. Though it is first a substitution of a word that I have suggested is of very great consequence. The point is this Government should not be allowed to come forward or to rush forward with a step to bridle the teacher or to impose a punishment upon him without satisfying itself as to the justifiability of the circumstances leading to such a step. The basic thing is that the teacher should not be subjected to two punishments. Here it comes to that in effect. So when it has become unavoidable under the circumstances for the Government to act in a case where the management refuses to act, the Government has to be armed with sufficient powers. But those powers are liable to be misused very often and the Government, because it is armed with such a power, should not be in a hurry to rush forward with an action that may endanger the freedom of the teacher concerned. So it must be sufficiently restrictive. So I have said that the circumstances must justify the action which the Government proposes to take. The word "requiring", I am afraid, is not sufficiently restrictive. There may be an action which may be required by a circumstance, But that action may not be justified in that circumstance though the particular circumstance might require it.

ശ്രീ. എം. രാമുണ്ണി : ബഹുമാനപ്പെട്ട മെമ്പറുടെ പ്രസംഗം മനസ്സിലാക്കാൻ പ്രയാസമുണ്ട്. അതുകൊണ്ട് ഇംഗ്ലീഷിൽ പ്രസംഗിക്കുന്നതു നിർത്തി മലയാളത്തിൽ പ്രസംഗിച്ചാൽ കൊള്ളാം. എല്ലാ കാര്യവും മലയാളത്തിൽ വേണമെന്നു വാദിക്കുന്ന ആളാണ്. അതുകൊണ്ടാണ് പറയുന്നതു്.

ഡെ. സ്പീക്കർ : ഈ സഭയുടെ ചട്ടം അനുസരിച്ച് ഇംഗ്ലീഷിൽ പ്രസംഗിക്കുന്നതിനു് അനുവാദമുണ്ട്. I cannot compel the Member to speak in Malayalam.

LIBRARY ARCHIVES Kerala Legislative Assembly

Shri N. K. Seshan : It is my fundamental freedom to choose the language in which I should speak I don't want to have any compromise with regard to my fundamental right.

ശ്രീ. മറ്റപ്പള്ളി മജീദ് : സർ, പോയിന്റ് ഓഫ് ഓർഡർ. ചില ബഹുമാനപ്പെട്ട മെമ്പറന്മാർ ഇംഗ്ലീഷിൽ പ്രസംഗിക്കുന്നതുകൊണ്ട് നല്ലതുപോലെ ഇംഗ്ലീഷ് അറിയാൻ പാടില്ലാത്ത മെമ്പറന്മാക്ക് വിഷമമുണ്ട്. അതുകൊണ്ട് ഇതിന് സൗകര്യമുള്ള നടപടി സ്വീകരിച്ചാൽ കൊള്ളാം.

ഡെ. സ്പീക്കർ : അതിനെപ്പറ്റി ആലോചിക്കാം.

Shri N. K Seshan : Therefore the point is this.

ശ്രീ. പി. പി. വിൽസൺ : സർ, ബഹു. മെമ്പർ നല്ല ഇംഗ്ലീഷിൽ പ്രസംഗിച്ചാൽ പറ്റാത്ത പ്രശ്നമൊന്നുമില്ല.

Shri N. K Seshan : Sir, I object to that statement. I know English much better than the hon. Member. I know how to express my views in King's English more effectively, emphatically and beautifully than the hon. member. Sir, I don't suffer from the handicape from which the member suffers. He can express himself only in broken English.

Sir, to continue my speech, the point is this. An action may be required by a circumstance But the same action may not be justified or warranted by the same circumstance. There is a great difference between an action justified by a circumstance and an action required by a circumstance. That is why, I say that in this context, the word 'requiring' should be replaced by the word 'warranting'. Then only the Government will think twice before it enters the field of action in order to initiate disciplinary action against the teacher who has erred.

I request the hon. Minister to accept the amendment which, I think, is very very important.

ശ്രീ. പി. ഉണ്ണികൃഷ്ണപിള്ള : സർ, ഞാൻ എന്റെ ഭേദഗതി അവതരിപ്പിക്കുകയാണ്. In clause 2 (in the newly proposed Section 12A) in the proviso, in (b), after the words "under the proviso", add the words "within two weeks" അദ്ധ്യാപകരുടെ താൽപ്പര്യങ്ങളെ മുൻനിർത്തി മാത്രമാണ് ഞാൻ ഈ ഭേദഗതി അവതരിപ്പിക്കുന്നത്. പല സന്ദർഭങ്ങളിലും വിദ്യാലയങ്ങളിൽ ഒരദ്ധ്യാപകനെതിരായി ഒരു നടപടി ഉണ്ടാകുകയാണെങ്കിൽ അതിനു് അനാവശ്യമായ കാലവിളംബം ഉണ്ടാക്കിത്തീർക്കുന്ന ഒരു സാഹചര്യം ഇന്നു നിലവിലുണ്ട്. ഒരദ്ധ്യാപകനെതിരായി ഉണ്ടാകുന്ന നടപടി ന്യായമോ അന്യായമോ എന്നുള്ളതു് വേറൊരു പ്രശ്നമാണ്. ആ നടപടി സ്വീകരിക്കുന്നതിനു് മാനേജരോടു് ആവശ്യപ്പെട്ടാൽ അതു് എത്രയും വേഗം സ്വീകരിക്കുവാൻ മാനേജർ ബാദ്ധ്യസ്ഥനായിരിക്കണമെന്ന നിർബ്ബന്ധം മുന്നിൽ വച്ചുകൊണ്ടാണ് ഞാൻ ഈ ഭേദഗതി അവതരിപ്പിക്കുന്നതു്. ബഹുമാനപ്പെട്ട മാണി ഇവിടെ പറഞ്ഞു, ഇന്നാട്ടിലെ അദ്ധ്യാപകർ ഗവണ്മെന്റിന്റെ സംരക്ഷണത്തെക്കാളും ഏറെ വിലപ്പെട്ടതായി മാനിക്കുന്നതും അംഗീകരിക്കുന്നതും മാനേജരുടെ സംരക്ഷണം ആണെന്നു്. ഞാൻ അത്ഭുതപ്പെടുകയാണ് സർ. ഇന്നാട്ടിലെ ഏതെങ്കിലും ഒരദ്ധ്യാപകനോ ഒരു അദ്ധ്യാപകസംഘടനയോ മാനേജരുടെ കീഴിൽ ഇന്നവർ അനുഭവിക്കുന്ന വിഷമതകളും ബുദ്ധിമുട്ടുകളും മറച്ചുവച്ചുകൊണ്ടു് ഗവണ്മെന്റിൽ ഈ മാതിരിയുള്ള അധികാരങ്ങൾ നിക്ഷിപ്തമാകരുതെന്നു് ആഗ്രഹിക്കുന്നവരായുണ്ടെന്നു് എനിക്കു് വിശ്വസിക്കുവാൻ നിവൃത്തിയില്ല. ഇന്നാട്ടിലെ ബഹുഭൂരിപക്ഷം അദ്ധ്യാപകരും അങ്ങനെ

LIBRARY ARCHIVES Kerala Legislative Assembly

ചിന്തിക്കുന്നവരല്ല. ഒരദ്ധ്യാപകനെതിരായി നടപടി കൈക്കൊള്ളേണ്ടതു് അത്യന്ത്യാപേക്ഷിതമാണെന്നു ഗവണ്മെൻറിനു ബോദ്ധ്യപ്പെടുകയും അക്കാര്യം മാനേജരെ അറിയിക്കുകയും ചെയ്തതിനുശേഷം ഒരു ക്രിപ്തമായ തീയതിക്കകം അക്കാര്യം മാനേജർ വേണ്ടവിധത്തിൽ കൈകാര്യം ചെയ്യുകയും ചെയ്തില്ലെങ്കിൽ ഗവണ്മെൻറിനു് ആ നടപടി സ്വീകരിക്കാൻ അധികാരമുണ്ടായിരിക്കണമെന്നുള്ള ഉദ്ദേശത്തോടുകൂടിയാണു് ഞാൻ ഭേദഗതി അവതരിപ്പിച്ചിരിക്കുന്നതു്. രണ്ടാഴ്ചക്കാലം മാത്രം കൊടുത്താൽ മതിയാകുമെന്നാണു് എൻറെ അഭിപ്രായം. രണ്ടാഴ്ചയിൽ കവിഞ്ഞ ഒരു സമയപരിധി നിശ്ചയിക്കുകയാണെങ്കിൽ ഒരു കുറ്റകൃത്യം ചെയ്താൽ അനാവശ്യമായ കാലവിളംബം കൊണ്ടു് ആ കുറ്റകൃത്യം അംഗീകരിക്കുന്നതിനുള്ള അദ്ധ്യാപകൻറെ പേരിലുള്ള നടപടിക്കു് നിയമപരമായതും സാങ്കേതികമായതുമായ തടസ്സങ്ങൾ ഉണ്ടാകാം. അതുകൊണ്ടു് രണ്ടാഴ്ചക്കകം മാനേജർ നടപടി സ്വീകരിക്കാൻ നിർബ്ബന്ധിതനാകുന്ന ഈ ഭേദഗതി അത്യന്താപേക്ഷിതമാണു്, ഇതു സ്വീകരിക്കണമെന്നു് ഞാൻ ബഹുമാനപ്പെട്ട മന്ത്രിയോടു് അപേക്ഷിക്കുകയാണു്.

Shri. K. M George: Sir, I move: In Clause 2 (in the proposed Section 12 A) in the proviso, in (a), after the words "case may be" substitute the word 'may' with the word 'shall'. 'മേ' എന്നുള്ളതായാൽ എന്തെങ്കിലും ഒരു ഡി. ഇ. ഓ. ക്കു് മാനേജരെ ഇൻറിമേറ്റു് ചെയ്യണമെന്നു തോന്നുകയാണെങ്കിൽ മാത്രം അങ്ങനെ ചെയ്യാനും അതല്ല ഇൻറിമേറ്റു ചെയ്യേണ്ട എന്നു തോന്നുകയാണെങ്കിൽ അതിനും സ്വാധീകരിക്കുന്ന രീതിയിലുള്ള ഒരു ഡിസ്ക്രീഷണറി അധികാരം വരികയാണു്. ഇതു് പല കഴപ്പുണ്ടാക്കും. ഇടയാക്കാം. ഡി. ഇ. ഓ. മാർ മാനേജരന്മാരെ അറിയിച്ചിരിക്കണം എന്നുള്ള വ്യക്തമായ വ്യവസ്ഥ ഉണ്ടാകണം. അല്ലെങ്കിൽ പലതരത്തിലുള്ള വിഷമങ്ങളും ഉണ്ടാകും. ഒരു ഡി. ഇ. ഒ. യും മറൊരു ഡി. ഇ. ഒ. യും എടുക്കുന്നതു് രണ്ടുതരത്തിലുള്ള നടപടികളാകും. ശ്രീമാൻ ശേഷൻ അവതരിപ്പിച്ചഭേദഗതിയുടെ വെളിച്ചത്തിൽകൂടി നോക്കുമ്പോൾ വളരെയധികം ആവശ്യമാണു് ഇതെന്നു് കാണാൻ കഴിയും. അതുകൊണ്ടു് ശ്രീമാൻ ശേഷൻറെ ഭേദഗതിയെ ഞാൻ പൂർണ്ണമായും അനുകൂലിക്കുകയാണു്. വാസ്തവത്തിൽ അദ്ദേഹം ഉന്നയിച്ച വാദം യഥാർത്ഥത്തിൽ ആവശ്യമുള്ളതാണു് എന്നു് എല്ലാപേരും സമ്മതിക്കുമെന്നാണു് എൻറെ വിശ്വാസം. ചില അവസരത്തിൽ 'മേ' എന്നുള്ളതിനു് 'ഷാൽ' എന്നു് അർത്ഥം വരുമെങ്കിലും ഈ സന്ദർഭത്തിൻ അങ്ങനെ അർത്ഥം വരുമെന്നു തോന്നുന്നില്ല. ഓരോ ഉദ്യോഗസ്ഥനും അവരവരുടെ വ്യാഖ്യാനരീതി അനുസരിച്ചു് പ്രവർത്തിക്കുമെന്നു വരുന്നതു് ശരിയല്ല. അതു് കഴപ്പുണ്ടാക്കുന്നതിനു കാരണമാകും. അതുകൊണ്ടു് ഈ ഭേദഗതി ഗവണ്മെൻറു സ്വീകരിക്കുമെന്നു ഞാൻ പ്രതീക്ഷിക്കുകയാണു്, സ്വീകരിക്കണമെന്നു് അപേക്ഷിക്കുകയാണു്.

Shri. K. M. Mani: Sir, I move: In clause 2 (in the proposed Section 12A) in the proviso, in (a), insert the words 'three month's time for' instead of the words "a reasonable opportunity of". സർ, ഇതിനെ സംബന്ധിച്ചും വളരെ വിശദമായൊന്നും എനിക്കു പറയാനില്ല. ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞു, അതെല്ലാം ആശങ്കകളാണെന്നു്. reasonable opportunity എന്നതിനു പകരം വളരെ തിട്ടമായിത്തന്നെ പ്രതിപാദിക്കണമെന്നുള്ള ആഗ്രഹത്തോടുകൂടിയാണു് മൂന്നു മാസത്തെ സമയം മാനേജർക്കു് ഡിസിപ്ലിനറി ആക്ഷൻ എടുക്കാൻവേണ്ടി വിട്ടുകൊടുക്കണമെന്നു പറയുന്നതു്. ഇതിനെ സംബന്ധിച്ചിടത്തോളം ബഹുമാനപ്പെട്ട വിദ്യാഭ്യാസമന്ത്രിയുടെ പ്രതികരണം എന്താണെന്നു് പ്രത്യേകമായി മനസ്സിലാക്കാൻ സാധിച്ചില്ലെങ്കിലും പൊതുവായി അദ്ദേഹം പറഞ്ഞതു് ഇതെല്ലാം നവും ഭയാശങ്കകളും ആണെന്നാണു്. സയൻസ്കോൺഗ്രസ്സിൻറെ ചർച്ചാവേളയിൽ ബഹുമാനപ്പെട്ട മന്ത്രി ഉപയോഗിച്ച അതേ കഥ തന്നെയാണു് ഇപ്പോഴും അദ്ദേഹം പറഞ്ഞതു്. ബ്രാഹ്മണൻ ആറിനു് ഇക്കരെ നിൽക്കുന്നു, പട്ടിയെ അക്കരെ ചങ്ങലയ്ക്കിട്ടിരിക്കുന്നു,

LIBRARY ARCHIVES Kerala Legislative Assembly

ആറിൽ വെള്ളം വറിയാൽ പട്ടി വന്ന കടിച്ചുകൊണ്ടുപോകുന്ന എന്ന ബ്രാഹ്മണൻ പേടിക്കുന്നു. ബഹു മന്ത്രിയോട് എനിക്കു പറയുവാനുള്ളതു പഴയ ബ്രാഹ്മണരുടെ കാലത്തുണ്ടായിരുന്ന പഴയ നാട്ടുപട്ടികളുടെ കാലം കഴിഞ്ഞു എന്നാണു്. ഇപ്പോൾ പട്ടികളെക്കൊണ്ടു് കേസ്സുകളും അന്വേഷിപ്പിക്കുന്നുണ്ടു്, പൈസഞ്ചെയ്സ് ആയിട്ടു് പട്ടിയെ ഉപയോഗിക്കുന്നുണ്ടു്. അപ്പോൾ ഇപ്പോഴത്തെ പട്ടികൾക്കു് കടിക്കണമെന്നു തോന്നുകയാണെങ്കിൽ വെള്ളത്തിൽക്കൂടി നീന്തിവന്നുവേണമെങ്കിലും കടിക്കാം. പട്ടി വെള്ളത്തിൽ നീന്തുകയില്ല എന്ന വാദത്തിന്മേലാണു് മന്ത്രി അതുപയോഗിച്ചതെങ്കിൽ അതു ശരിയല്ല. ഇതൊന്നും വെറും ഭയാശങ്കകളല്ല. ഞങ്ങൾ മാനേജരന്മാർക്കു് പണ്ടി മാത്രം പ്രദിക്കുകയല്ല, മാനേജരന്മാരെ സഹായിക്കണമെന്നു് ഒരു ഉദ്യോഗസ്ഥനു തോന്നുകയാണെങ്കിൽ reasonable opportunity for being heard എന്ന പറഞ്ഞാൽ ഇഷ്ടംപോലെ വ്യാഖ്യാനിക്കാനും മാനേജരെ സഹായിക്കുവാനും കഴിയും. ഉദാഹരണത്തിനു് പത്താംതീയതിയാണു് വാദം എന്നു വിചാരിക്കുക. പത്താംതീയതി വാദത്തിനു വയ്ക്കുന്ന സന്ദർഭത്തിൽ മാനേജർ ഒരു അവധിക്കപേക്ഷ കൊടുക്കുന്നു. വാദം ഒന്നു മാറണമെന്നു കാണിച്ചുകൊണ്ടാണു് അപേക്ഷ അവധിയുടെ അപേക്ഷ സ്വീകരിക്കുന്നു അതെല്ലെങ്കിൽ ആർബിട്രേഷനു വരും. അപ്പോൾ ഞാൻ പറയുന്നതു് റീസണബിളായ ഒപ്പർച്ചുണിറ്റി എന്നു പറയുന്നതു് രണ്ടുവിധത്തിലും വരാമെന്നാണു്. മൂന്നുമാസത്തെ സമയം കൊടുക്കണമെന്നു പറയുന്നതു് മാനേജരന്മാരെ സഹായിക്കാൻവേണ്ടി മാത്രമാണെന്നു വ്യാഖ്യാനിക്കുന്നതു് തെറ്റാണു്. ഈ വകുപ്പിൽ പറഞ്ഞിരിക്കുന്നതു് may intimate the manager regarding the circumstances requiring disciplinary action against the teacher concerned and give the Manager******* എന്നാണു്. എന്നാൽ സക്കംസ്റ്റാൻസസിനെ സംബന്ധിച്ചിടത്തോളം പറയുമ്പോൾ മാനേജർ ക്ലാരിഫിക്കേഷനുവേണ്ടി ഒരു കത്തു് ഡി. ഇ. ഓഫീസ് അയയ്ക്കുകയാണു്; ഇതിന്റെ അർത്ഥമെന്താണു് എന്നറിയാൻ വേണ്ടി. ഉടനടി അതിനു് നടപടിയെടുക്കുമ്പോൾ മറ്റൊരു ക്ലാരിഫിക്കേഷനുവേണ്ടിയുള്ള ഒരു കത്തു് പിന്നീടു മാനേജർ എഴുതുന്നു. ഈ ക്ലാരിഫിക്കേഷൻസ് കൊടുക്കാതെ ഗവൺമെന്റിനു് ഡഫനറായിട്ടുള്ള ഒരു നടപടിയും സ്വീകരിക്കുവാൻ വയ്യാത്ത സ്ഥിതി വരും. അപ്പോൾ ഒരു പുതിയ വസ്തുത, ഒരു പുതിയ സാഹചര്യം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെടുത്തുമ്പോൾ ആ പുതിയ കാര്യം പരിശോധിക്കാതെ ആക്ഷൻ എടുത്തു കഴിഞ്ഞാൽ റീസണബിൾ ഒപ്പർച്ചുണിറ്റി മാനേജർക്കു് നൽകിയിട്ടില്ലെന്നു് പറഞ്ഞു് കോടതി വ്യാഖ്യാനിക്കുകയും ഗവൺമെന്റിന്റെ നടപടി പലപ്പോഴും റദ്ദാക്കപ്പെടുകയും ചെയ്യുന്ന സാഹചര്യം ഉണ്ടാകും. അതുകൊണ്ടു ബഹുമാനപ്പെട്ട മന്ത്രിയോട് എനിക്കു് അഭ്യർത്ഥിക്കുവാനുള്ളതു് ഞങ്ങൾ ഇതു പറയുന്നതു് മാനേജരന്മാരെ സഹായിക്കുവാൻ വേണ്ടിയല്ല എന്നാണു്. മാനേജരന്മാരെ സഹായിക്കുവാൻ വേണ്ടിയായിരുന്നെങ്കിൽ ഒരുകാലത്തും ഞങ്ങൾ ഇതിനെ അനുകൂലിക്കുകയില്ലായിരുന്നു. ഇപ്പോൾ വലുതായ ഒരാനുകൂല്യവും മാനേജർക്കു് കൊടുത്തിട്ടില്ല. മാനേജരന്മാരുടെ എല്ലാ അധികാരവും ഇപ്പോൾ ഗവൺമെന്റിന്റെ കൈയ്യിലാണു്. ഇന്ന ആളുടെ പേരിൽ നടപടി ഇത്ര ദിവസത്തിനകം സ്വീകരിച്ചുകൊള്ളണമെന്നു പറഞ്ഞാൽ അങ്ങനെ നടപടി സ്വീകരിക്കാതിരിക്കുന്നതിനുള്ള ഡിസ്ക്രീഷണറി പവ്വർ മാനേജർമാർക്കു കൊടുത്തിട്ടില്ല. അപ്പോൾ മാനേജരെ സംബന്ധിച്ച ടെത്താളം സെലക്ട് കമ്മിറ്റി റിപ്പോർട്ടു ചെയ്തിട്ടുള്ള ഈ ബില്ലിൽ യാതൊരു ഡിസ്ക്രീഷണറി പവ്വറും മാനേജർക്കു കൊടുത്തിട്ടില്ല. മാനേജർ പെട്ടെന്നതന്നെ ഡിസിപ്ലിനറി ആക്ഷൻ എടുത്തുകൊള്ളണം. അങ്ങനെ ചെയ്തില്ലെങ്കിൽ ഗവൺമെന്റു് നടപടിയെടുക്കും. ഈ ബില്ലുകൊണ്ടു് മാനേജർക്കു് യാതൊരു ആനുകൂല്യവും കിട്ടുന്നില്ല മാനേജർക്കു് കൂടുതലായ ആനുകൂല്യം കിട്ടുന്നു എന്നുള്ള തെറ്റിദ്ധാരണയോടുകൂടിയാണെന്നുമല്ല ഞാൻ ഈ അമെൻഡുമെന്റു് അവതരിപ്പിച്ചിട്ടുള്ളതു്. മാനേജർക്കു് യാതൊരാനുകൂല്യവും ഈ ഭേദഗതികൊണ്ടു കിട്ടുന്നില്ല. അതുകൊണ്ടു് നാച്ചുറൽ ജസ്റ്റിസിനു വേണ്ടി റീസണബിൾ ഒപ്പർച്ചുണിറ്റി എന്നുള്ളതുമാറ്റിയിട്ടു് ഒരു സമയംതിട്ടപ്പെടുത്തണം. കാരണം,

LIBRARY ARCHIVES Kerala Legislative Assembly

ള്ളത് ആയും ദുർവിനിയോഗം ചെയ്യാൻ പാടില്ല. അതുകൊണ്ട് 3 മാസത്തെ ടൈമെങ്കിലും മാനേജർക്ക് അനുവദിക്കണം. 'അനുവദിക്കണം' എന്നതിന് പകരം ഭേദഗതി കൊണ്ടുദ്ദേശിക്കുന്നത്. ഈ ഭേദഗതി സ്വീകരിക്കുന്നതിൽ ബഹുമാനപ്പെട്ട മന്ത്രിക്ക് വലിയ അഭിപ്രായവ്യത്യാസമുണ്ടാകുമെന്നു തോന്നുന്നില്ല. ഒരു ടൈം ഫിക്സ് ചെയ്യണം. ടൈം ഫിക്സ് ചെയ്യാതിരുന്നാൽ അതുകൊണ്ട് പല ബുദ്ധിമുട്ടുകളുമുണ്ടാകും. അതുകൊണ്ടാണ് ഈ ഭേദഗതി അവതരിപ്പിച്ചത്.

Shri J. A. Chacko : Sir, I move: In clause 2 (in the proposed Section 12 A) in the proviso, in (a) delete the words "a reasonable opportunity of" and substitute the words "not less than three months' time for".

എന്റെ ഭേദഗതി reasonable opportunity of.....എന്നുള്ളതിനു പകരം.....three months, time for.....എന്നുകൂട്ടിച്ചേർക്കണമെന്നുള്ളതാണ്. എന്റെ സുഹൃത്ത് ശ്രീ. മാണി ഉന്നയിച്ച ആ വാദഗതിക്കളോട് ഞാൻ പൂർണ്ണമായും യോജിച്ചുകൊണ്ടുതന്നെ ചില വസ്തുതകൾ പറയാൻ ആഗ്രഹിക്കുകയാണ്. ഈ നിയമം നടപ്പിലാകുന്നതോടെപ്പം നമ്മുടെ രാജ്യത്തു് ഒരു വിഭാഗം ഉദ്യോഗസ്ഥന്മാരുടെ പേരിൽ നടപടിയെടുക്കുന്നതിനു് രണ്ടു മെഷിനറി ഉണ്ടാകുമെന്നുള്ളതാണു് ഏറ്റവും പ്രധാനമായ ഒരു സവിശേഷതയായി ചൂണ്ടിക്കാണിക്കാനുള്ളതു്. അപ്പോയിൻറിംഗ് അതോറിറ്റിയില്ലാതെ ശിക്ഷണനടപടികളും എടുക്കുന്നതിനു്, അപ്പോയിൻറു ചെയ്യപ്പെട്ട ഉദ്യോഗസ്ഥൻമേൽ നടപടിയെടുക്കുന്നതിനു് ഇന്നത്തെ നിയമപ്രകാരം അധികാരമില്ലെന്നുള്ളതു് തീർച്ചയായും സംശയമുള്ള കാര്യമാണു്. എങ്കിൽകൂടിയും ചില സന്ദർഭങ്ങളിൽ മാനേജർ നടപടിയെടുക്കാതിരുന്നാൽ അദ്ധ്യാപകരുടെമേൽ ശിക്ഷണനടപടിയെടുക്കേണ്ടതായ ഒരു സാഹചര്യം ഉണ്ടാകുന്നതുകൊണ്ടു് ഗവൺമെൻറിനും അധികാരമുണ്ടായിരിക്കണമെന്നുള്ളതുകൊണ്ടു് ആണു് ഈ ബില്ലു് ഇവിടെ അവതരിപ്പിച്ചിരിക്കുന്നതു്. മാനേജരുടെ അവകാശങ്ങളും സംരക്ഷിക്കുകയെന്നുള്ള ഉദ്ദേശത്തോടുകൂടിയാണു് ഞങ്ങളും ഈ ഭേദഗതികളും അവതരിപ്പിച്ചിട്ടുള്ളതെന്ന ആരോപണം ഏതു ഭാഗത്തുനിന്നുണ്ടായാലും അതു ശരിയല്ലെന്നു പൂണ്ടിക്കാണിക്കാൻ ഞാനാഗ്രഹിക്കുകയാണു്. ഈ ബില്ലിൽ reasonable opportunity എന്നു പറയുന്നതുകൊണ്ടു് മാനേജർക്കു് എന്തെങ്കിലും ന്യായമായ നടപടി നടത്തുന്നതിനെ സംബന്ധിച്ചു് ആലോചിക്കുന്നതിനോ അതിനെ സംബന്ധിച്ചു് കൂടിയാലോചനകൾ നടത്തുന്നതിനോ സാവകാശം ലഭിക്കുകയില്ല. ഡി. പി. ഐ.യുടേയോ മറ്റുദ്യോഗസ്ഥന്മാരുടേയോ ഡിസ്ക്രിപ്ഷൻ അനുസരിച്ചു് വ്യത്യാസപ്പെട്ടുകൊണ്ടിരിക്കും. അതുകൊണ്ടു് സിംപിൾ ആയ ഒരു കാലയളവു പറയുന്നതു് നന്നായിരിക്കും. മാനേജർ നടപടിയെടുക്കാതിരിക്കുമ്പോൾ ഡയറക്ടീവു് എന്നുള്ള നിലയിലാണു് ഡിപ്പാർട്ടുമെൻറു് ഓരോ മാനേജരേയും ഇൻസ്ട്രക്ടു ചെയ്യുന്നതു്. അപ്പോൾ ശിക്ഷണനടപടിയെടുക്കണമെന്ന ഡയറക്ടീവു് ഗവൺമെൻറിൽനിന്നാണു് കെടുക്കുന്നതു്. ഭാവിയിൽ വരുന്ന സന്ദർഭത്തിലും ഈ നിയമം കോടതിയിൽ നിലനിൽക്കുമോയെന്നുള്ള കാര്യം എനിക്കു സംശയമുണ്ടു്. എന്നാൽ ബഹുമാനപ്പെട്ട മന്ത്രി ഇവിടെ പറഞ്ഞതു്, പുതിയ ഒരു നിയമമല്ല, അതുകൊണ്ടു് ബഹളത്തിന്റെ കാര്യമില്ലാ എന്നാണു്. ഏതായാലും ഇതുപോലുള്ള പ്രശ്നങ്ങളും കോടതിയിൽ ചോദ്യം ചെയ്യപ്പെട്ടിട്ടുണ്ടോയെന്നുള്ള കാര്യത്തിൽ എനിക്കു സംശയമുണ്ടു്. അതുകൊണ്ടു് ഈ ഭേദഗതി അംഗീകരിച്ചു പാസ്സാക്കിയാൽതന്നെയും നിയമത്തിന്റെ ദുഷ്പ്രയോഗത്തിൽ അതു നിലനിൽക്കുമോയെന്നു് എനിക്കു സംശയമുണ്ടു്. എങ്കിലും പരീക്ഷണാർത്ഥം reasonable opportunity എന്നതിനു പകരം three month's time ചേർത്തു് മാനേജർമാർക്കു് സാവകാശം കൊടുക്കുന്നതുകൊണ്ടു് ഇതു ഭേദഗതിചെയ്യണമെന്നു് എനിക്കു് അഭിപ്രായമുണ്ടു്.

Shri K. M. George : Sir, I move: In clause 2 (in the proposed Section 12 A) in the proviso, in (b), after the words "appropriate action", insert the words "within a period of three months"

LIBRARY ARCHIVES Kerala Legislative Assembly

സർ, ശ്രീമാൻ മാണിയും ചാക്കോയും അവതരിപ്പിച്ചിട്ടുള്ള ഭേഗതിയും ഞാൻ അവതരിപ്പിച്ചിട്ടുള്ള ഭേഗതിയും യഥാർത്ഥത്തിൽ ഒന്നുതന്നെയാണു്. അവർ (എ) ൽ പറഞ്ഞതു് ഞാൻ (ബി) ൽ പറഞ്ഞു എന്നേയുള്ള. ഞാൻ കൂടുതലൊന്നും വിശദമാക്കുന്നില്ല. എങ്കിലും വ്യക്തമായ ഒരു സമയ ക്ലിപ്തത വയ്ക്കാതെ reasonable opportunity എന്നുമാത്രം വച്ചാൽ അതുകൊണ്ടു് വളരെയധികം പ്രയാസങ്ങളുണ്ടാകും. അതുമൂലം അദ്ധ്യാപകന്മാർക്കും ഡിപ്പാർട്ടുമെൻറിനും ഉദ്യോഗസ്ഥന്മാർക്കും മാനേജറന്മാർക്കും ബുദ്ധിമുട്ടുകളുണ്ടാകും. ഓരോരുത്തരും ഓരോതരത്തിൽ പ്രവർത്തിക്കാൻ ഇടവരും. പല തരത്തിലുള്ള പ്രവർത്തനം കോടതിയിൽ ചോദ്യം ചെയ്യപ്പെടുകയും ചെയ്യും. അതാണു് എൻറെ ഭയം. അതുകൊണ്ടു് മാനേജർക്കു് ഡി. ഇ. ഒ. ഇന്നു ശിക്ഷണനടപടിയെടുക്കണമെന്നു നിർദ്ദേശം കൊടുത്തുകഴിഞ്ഞതിനുശേഷം 3 മാസത്തിനകം ഈ ശിക്ഷണനടപടി മാനേജർ നടത്തുന്നില്ലെങ്കിൽ ഗവണ്മെൻറിനു് ഉടനടി മുന്നോട്ടുവന്നു് ഈ ശിക്ഷണനടപടികളും നടത്താനുള്ള അധികാരം കൊടുക്കുന്നതു് അദ്ധ്യാപകന്മാർക്കും ഉദ്യോഗസ്ഥന്മാർക്കും മാനേജറന്മാർക്കും എല്ലാവർക്കും നല്ലതായിരിക്കും.

പിന്നെ എൻറെ ചില സ്നേഹിതന്മാർ ഈ സമയപരിധി രണ്ടാഴ്ച മതിയെന്നൊക്കെ പറയുകയുണ്ടായി. രണ്ടാഴ്ചയെന്നു പറയുന്നതു് നല്ലതാണെന്നു് വാദിക്കുകയും ചെയ്തു. രണ്ടാഴ്ചയ്ക്കുള്ളിൽ ഈ കാര്യങ്ങളും നടന്നിരിക്കണമെന്നു പറഞ്ഞാൽ ചില കേസ്സുകളെ സംബന്ധിച്ചിടത്തോളം അപ്രായോഗികമാകും. അതുകൊണ്ടുപ്പുതന്നെ നീണ്ടുപോവുകയെന്നു പറയുന്നതും ശരിയല്ല. അപ്പോൾ 90 ദിവസമെന്നു പറയുന്നതു് യാതൊരു കാരണവശാലും കൂടുതലല്ല. 3 മാസത്തിനുള്ളിൽ അദ്ധ്യാപകൻറെ പേരിൽ നടപടിയെടുക്കുന്നില്ലെങ്കിൽ ഉടനടി മുന്നോട്ടുവന്നു് ഗവണ്മെൻറിനു് നടപടിയെടുക്കാം. അതുകൊണ്ടു് 3 മാസം ഒട്ടും കൂടുതലല്ലെന്നും അതിൽ കുറഞ്ഞ സമയം പോരാതെവരുമെന്നും ഉള്ളതുകൊണ്ടാണു് ഞാൻ ഈ ഭേഗതി അവതരിപ്പിച്ചതു്. അതു് ബഹുമാനപ്പെട്ട മന്ത്രി സ്വീകരിക്കുമെന്നു് ഞാൻ വിശ്വസിക്കുന്നു.

വിദ്യാഭ്യാസമന്ത്രി (ശ്രീ. സി. എച്ചു്. മുഹമ്മദുകോയ) : സർ, ഭേദഗതികളെ സംബന്ധിച്ച ചർച്ചക്കിടയിൽ പറയാനുള്ളതു് പറയാൻ ഞാനും ഗ്രഹിക്കുകയാണു്. ബഹുമാനപ്പെട്ട ശ്രീ. ശേഷൻ requiring എന്ന വാക്കുമാറ്റി warranting എന്ന വാക്കു ചേർക്കണമെന്നു പറയുകയുണ്ടായി അതു് അദ്ദേഹം എന്നോടു് നേരിട്ടു് പറയുകയും ചെയ്തു. ഇംഗ്ലീഷിനെ സംബന്ധിച്ചിടത്തോളം അദ്ദേഹത്തിനുള്ള അഭിപ്രായം മാനിക്കേണ്ടതാണെന്നു് എനിക്കു തോന്നിയതിൻറെ അടിസ്ഥാനത്തിൽ അതു ചെയ്യാമെന്നു് ഞാൻ ഏല്ക്കുകയും ഉണ്ടായി. എന്നാൽ..... Strowds Judicial Dictionary എന്ന നിയമനിഘണ്ടുവിൽ requiring എന്ന പദത്തിനു് document authorising something to be done-എന്നാണു് അർത്ഥം കൊടുത്തിരിക്കുന്നതു്. അപ്പോൾ requiring എന്ന പദം മാറ്റി warranting എന്ന ചേർത്താൽ വിഷമംവരും. ഡിസിപ്ലിനറി ആക്ഷനെ സംബന്ധിച്ചിടത്തോളമുള്ള അധികാരം മാനേജ്മെൻറിനായിരിക്കും. ഈ ഘട്ടത്തിൽ അദ്ധ്യാപകൻ കുറ്റം ചെയ്തു എന്നുള്ള ഒരു അനുമാനം മാത്രമേ ഉള്ളൂ. അതുകൊണ്ടു കുറ്റം ചെയ്തു എന്നുള്ള രീതിയിലുള്ള ദൃഢമായ പരാമർശം ശരിയായിരിക്കുകയില്ലെന്ന നിഗമനത്തിലാണു് നിയമനിഘണ്ടു പരിശോധിച്ചതിനുശേഷം ഞാൻ എത്തിച്ചേർന്നിരിക്കുന്നതു്. ശ്രീമാൻ ശേഷൻറെ നിർദ്ദേശം സ്വീകരിക്കാൻ കഴിയാതെ പോയതു് അതുകൊണ്ടാണു്. നിയമനിഘണ്ടു പരിശോധിച്ചതിൽ requiring എന്ന പദം തന്നെയാണു് നന്നായിരിക്കുക എന്ന തോന്നിയതിലാണു് ഇതുതന്നെ മതിയെന്നു തീരുമാനിച്ചതു്. അദ്ധ്യാപകൻ കുറ്റക്കാരനാണെന്നു സ്ഥാപിച്ചു കഴിഞ്ഞിട്ടില്ല, ഒരു അനുമാനം മാത്രമേയുള്ള.

ശ്രീ. കെ. എം. ജോർജ് : പ്രഥമദൃഷ്ട്യാ അദ്ധ്യാപകൻറെ പേരിൽ കേസ്സില്ലെങ്കിൽ requiring എന്ന പദം കൊക്കുന്നതുകൊണ്ടു് എന്താണു് പ്രയോജനം ?

ശ്രീ. സി. എച്ചു്. മുഹമ്മദുകോയ : അങ്ങനെ കേസ്സില്ലാതെ വരുകയില്ല.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എൻ. കെ. ശേഷൻ : Requiring എന്നു പറഞ്ഞാൽ അല്ലെ സാധാരണ ഗതിയിൽ ന്യായമുണ്ടെങ്കിലും ഇല്ലെങ്കിലും ഇടപെടാൻ ഇടവരുകയുള്ള. അതുകൊണ്ട് warranting എന്ന വാക്കുവെന്നാൽ കൂടുതൽ കരുതലോടുകൂടി പ്രവർത്തിക്കണമെന്നും ഗവണ്മെൻറിനെ അനുശാസിക്കാൻ ഉപകരിക്കുകയില്ലേ?

ശ്രീ. സി. എച്ച്. മുഹമ്മദുകോയ : നിയമനിഘണ്ടുവിൽ അങ്ങനെയല്ല. നിയമനിഘണ്ടു പരിശോധിച്ചതിനുശേഷമാണ് requiring മതിയെന്നു തീരുമാനിച്ചത്.

സർ, പിന്നെ ശ്രീ. ജോർജ്ജും മറ്റും ഒന്നരണ്ടു മൈവറന്മാരും reasonable opportunity-യ്ക്കു പകരം മൂന്നു മാസമായിട്ടും രണ്ടു ആഴ്ചയായിട്ടും ഒക്കെ നിശ്ചയിക്കണമെന്നു പറഞ്ഞു. ചിലകേസ്സുകളിൽ രണ്ടാഴ്ച പോരാതെ വരുമെന്നാണ് ശ്രീ. ഉണ്ണികൃഷ്ണപിള്ളയുടെ വാദത്തിനു മറുപടിയായി ശ്രീ. ജോർജ്ജ് പറഞ്ഞത്, എനിക്കു പറയാനുള്ളതു, ശിക്ഷണനടപടിയുടെ ഗൗരവത്തിനനുസരിച്ച് സമയവ്യത്യാസം വരുമെന്നാണ്. എല്ലാം 3 മാസമെന്നരീതിയിൽ സ്വീകരിക്കുന്നതു ശരിയായിരിക്കുകയില്ല. ചിലകേസ്സുകളിൽ പെട്ടെന്നു തീർന്നു എന്നുവരാം. ചിലകേസ്സുകൾക്കു മൂന്നുമാസം വേണ്ടിവന്നേയ്ക്കും. അതുകൊണ്ട് ഇതു് ഇങ്ങനെതന്നെ ഇരിക്കേണ്ടതു് ആവശ്യമാണ്. ഇങ്ങനെ ഇരുന്നാൽ അതു ദുരുപയോഗപ്പെടുത്തുമെന്നു പറയുകയുണ്ടായി. അങ്ങനെ ദുരുപയോഗപ്പെടുത്തുമെന്നു് എനിക്കു തോന്നുന്നില്ല. ദുരുപയോഗപ്പെടുത്തിയാൽതന്നെ അതിനു നിയമസാധുകരണമുണ്ടായിരിക്കുകയില്ല. അതുകൊണ്ട് time limit വയ്ക്കുന്നതു ശരിയായിരിക്കുകയില്ല.

ശ്രീ. കെ. എം. ജോർജ്ജ് : ഈ റിക്വയറിംഗ് എന്ന വാക്കുതന്നെ ഈ പ്രൊവൈസോയിൽ വയ്ക്കുകയും റീസണബിൾ എന്നുള്ളതു് നിലനിറുത്തുകയും അദ്ധ്യാപകന്റെ പേരിൽ ഇന്ന ഇന്ന നിലയിലുള്ള നടപടിയെടുക്കണമെന്ന നിർദ്ദേശം കൊടുക്കുകയും ചെയ്യുമ്പോഴും അതു നിയമപരമായിതെളിയിക്കാൻ പലപ്പോഴും മൂന്നുമാസത്തിൽ കൂടുതൽ എടുത്തു എന്നുവരും. ഒരു ഡി. ഇ. ഒ. എടുത്ത നടപടി ശരിയായെന്നുവരും, മറ്റൊരാൾ എടുത്തതു തെറ്റായെന്നുവരും. അപ്പീൽ കൊടുക്കാൻ കുറച്ചു കാലതാമസമുണ്ടായെന്നുവരും, അതേസമയം ശ്രീ. ശേഷൻ പറഞ്ഞതുപോലെ വച്ചാൽ കൊള്ളാം. അതുപോലെതന്നെ മൂന്നുമാസമെന്നുള്ളതു് രണ്ടുമാസമെന്നാക്കിയാലും കൊള്ളാം.

Mr. Deputy Speaker : Is it a question?

Shri K. M. George : It is just a submission to the Education Minister. He has stated that the word "requiring" would be sufficient. I would submit that it will create further complications.

ശ്രീ. സി. എച്ച്. മുഹമ്മദുകോയ : നിയമനിഘണ്ടുവിൽ റിക്വയറിംഗിനു കൊടുത്തിട്ടുള്ള ഡഫനിഷൻ അനുസരിച്ച് യാതൊരു കുഴപ്പവും ഉണ്ടാകുകയില്ല. നേരേമറിച്ച് വാറണ്ടിംഗ് എന്നുവച്ചാലും കോടതിയിൽ ചോദ്യം ചെയ്യാവുന്നതാണ്. അതുകൊണ്ട് ഞാൻ ഈ ഭേദഗതിക്കളെ എതിർക്കുകയാണ്.

The following amendments moved by Shri C. H. Mohamed Koya, viz:

1 "In Clause 2 (in the newly proposed Section 12 A) in the proviso, in (a), the word "this section" may be substituted by the words, figure and brackets "sub-section (1)" and at the end the full stop may be substituted by a semi colon and the word "and" may be inserted after the semi colon."

3, "In clause 2 (in the newly proposed Section 12A) in the proviso, in (b), the words "under the proviso" shall be omitted."

was put and carried.

LIBRARY ARCHIVES Kerala Legislative Assembly

The Amendment moved by Shri N. K. Seshan was, by leave, withdrawn.

The Amendment moved by Shri P. Unnikrishna Pillai was, by leave, withdrawn.

The Amendment moved by Shri K. M. George was put and lost.

The Amendment moved by Shri K. M. Mani was put and lost.

The Amendment moved by Shri J. A. Chacko was put and lost.

The Amendment moved by Shri K. M. George was put and lost.

The question that Clause 2, as amended, stands part of the Bill was put and carried.

Clause 2, as amended, was added to the Bill.

Clause 3

Shri K. M. Mani : Sir, I move : "delete sub-clause (2)".

സർ, 3-ാമത്തെ വകുപ്പിൽ പൂർവ്വകാലപ്രാബല്യത്തോടുകൂടി കൊണ്ടുവന്ന ഒറിജിനൽ ജില്ലയിലെ വ്യവസ്ഥകളും എടുത്തുമാറ്റണമെന്നുള്ള അഭിപ്രായമാണ് സെലക്ട് കമ്മിറ്റിക്കുള്ളത്. ആ സ്ഥിതിക്ക് 3-ാമത്തെ വകുപ്പിലെ 2-ാം ഉപവകുപ്പ് ആ ആശയത്തിനും ഉദ്ദേശത്തിനും എതിരായിട്ടാണെന്നുള്ളതുമാത്രമേ എനിക്കു പറയാനുള്ളൂ. ഇക്കാര്യം ഞൻ സംസാരിച്ചതാണ്. ആദ്യമായി ഇതു് എടുത്തുമാറണം. ഇതിനായി പുതിയബില്ലിലെ വ്യവസ്ഥയ്ക്ക് നിയമസാധുത്വം കൊടുക്കുന്നതു ശരിയല്ല. മാനേജരുടെ അഭിപ്രായത്തെ അവഗണിച്ചുകൊണ്ട് ഗവണ്മെൻറ് ഏകപക്ഷീയമായി എടുത്തിട്ടുള്ള നടപടി തീർച്ചയായും ഈ പാസ്സാക്കുന്ന ബില്ലിനും അതിൻറെ അന്തസ്സത്തയ്ക്കും എതിരാണ്. ഈ ബില്ലിൽ ഒരു പുതിയ സമീപനം സ്വീകരിക്കുകയാണെങ്കിൽ ആ സമീപനമായിരിക്കണം എല്ലാ നടപടികൾക്കും സ്വീകരിക്കേണ്ടതു്. അതുകൊണ്ട് ഈ വ്യവസ്ഥകൾക്കെതിരായി എന്തെല്ലാം നടപടികളെടുത്തിട്ടുണ്ടോ അതൊക്കെ നിറുത്തിവയ്ക്കണം. ഇപ്പോൾ പാസ്സാക്കുന്ന ബില്ലിലെ 12 (എ) യിൽ പ്രതിപാദിക്കുന്ന നടപടികളെടുത്തുകൊണ്ട് സ്വയം കൊടുത്തുകൊണ്ടുള്ള നടപടിക്രമങ്ങൾ മാത്രമേ സാധുകരണം നൽകാവൂ എന്നു മാത്രമേ എനിക്കഭ്യർത്ഥിക്കാനുള്ളൂ. ബഹുമാനപ്പെട്ട മന്ത്രി അതു ശ്രദ്ധിക്കണം.

Dy. Speaker : The amendments tabled by Sarvashri J. A. Chacko, K. M. George and K. A. Sivaramabharathi are the same as that moved by Shri K. M. Mani. The Members can speak without moving the amendment:

ശ്രീ. കെ. എം. ജോർജ്ജ് : സർ, ഞാൻ കൂടുതൽ സമയമെടുത്തു പറയാൻ ഉദ്ദേശിക്കുന്നില്ല. യാതൊരു കാരണവശാലും ഇതിനു പൂർവ്വകാലപ്രാബല്യം കൊടുക്കാൻ പാടില്ലെന്നുള്ള സെലക്ട് കമ്മിറ്റിയുടെ തീരുമാനത്തിൻറെ വെളിച്ചത്തിൽ ഇങ്ങനെയൊരു സേവിംഗ് ക്ലാസ് ഇവിടെ ആവശ്യമില്ല. ഒറിജിനൽ ബില്ലിനു് 59 മുതൽ പൂർവ്വകാലപ്രാബല്യം കൊടുക്കുന്നതു ശരിയല്ല. മാനേജർ അപ്പോയിൻറിംഗ് അതോറിറ്റിയായിരിക്കുന്നിടത്തോളം കാലം മാനേജർക്കുള്ള ശിക്ഷണാധികാരത്തെ ഭേദഗതി വരുത്തി ഗവണ്മെൻറ് ശിക്ഷണനടപടിയെടുക്കുന്നതു ശരിയല്ല. അങ്ങനെയായാൽ അതു് പല കുഴപ്പങ്ങൾക്കും കേസുകൾക്കും ഇടവരുത്തും. തീർച്ചയായിട്ടും ബഹുമാനപ്പെട്ട വിദ്യാഭ്യാസമന്ത്രി ആ നിലപാടെടുക്കുകയില്ലെന്നു

LIBRARY ARCHIVES Kerala Legislative Assembly

ഞാൻ വിശ്വസിക്കുകയാണു്. ഇപ്പോഴത്തന്നെ വേണമെങ്കിൽ ഗവണ്മെന്റിനു് നോട്ടീസുകൊടുത്തു് ശക്തമായനടപടിയെടുക്കാം. അല്ലാതെ ഇതു് യാതൊരുതരത്തിലും അന്തസ്സുള്ള നിലപാടല്ല. ബഹുമാനപ്പെട്ട മന്ത്രി ഈ നിലപാടു് സ്വീകരിക്കുകയില്ലെന്നു ഞാൻ വിശ്വസിക്കുന്നു.

ശ്രീ. കെ. എ. ശിവരാമഭാരതി : സർ, അദ്ധ്യാപകരെ സംബന്ധിച്ചുള്ള ചില വിഷമങ്ങൾ ചൂണ്ടിക്കാണിക്കുകയാണു് ഞാൻ ചെയ്തതു്. പ്രിൻസിപ്പൽ ആകുന്നു നിലവിലുണ്ടായിരുന്ന അവസരത്തിൽ എടുത്തിട്ടുള്ള ചില നടപടികളുടെ ഫലമായി അദ്ധ്യാപകർക്കു് ചില വിഷമങ്ങൾ നേരിട്ടിട്ടുണ്ടു്. അതിന്റെ ഫലമായി അവർ കോടതിയിൽ പോകുകയും അതിനു് പരിഹാരം തേടുകയും ചെയ്തിട്ടുണ്ടു്. അങ്ങനെയുള്ള കേസുകളിൽ ചിലതിനു് ഗവണ്മെന്റു് താഴ്ത്തുനിന്നും നടപടിയെടുക്കുകയും ചിലതിനു് നടപടിയെടുക്കാതിരിക്കുകയും ചെയ്തിട്ടുണ്ടു്. ഇതുകഴിഞ്ഞു് ഒരു വർഷം കഴിഞ്ഞപ്പോൾ ഒരു ഓർഡിനൻസു് ഉണ്ടായി. സെക്ഷൻ 3-ൽ സബ്ക്ലാസു് 2 അനുസരിച്ചു് ഇതു നിലവിൽ വരികയാണെങ്കിൽ സാധുവായി വരികയാണു്. ആ നിലയിൽ കോടതി വിധിയനുസരിച്ചു് അവർക്കു കിട്ടാത്ത ആനുകൂല്യങ്ങൾ കിട്ടാതിരിക്കുമോ എന്ന കാര്യം കൂടി ആലോചിക്കേണ്ടതുണ്ടു്. അതിനു് ബഹുമാനപ്പെട്ട മന്ത്രി ഒരഭിപ്രായം പറയുകയോ അല്ലെങ്കിൽ നിയമം പാസ്സാക്കുന്ന രീതിയിൽ എന്നെ വ്യക്തമാക്കുകയോ ചെയ്യുന്നതു് ഉപകാരമായിരിക്കും.

ശ്രീ. ജെ. എ. ചാക്കോ : സർ, എന്റെ സ്നേഹിതന്മാർ പറഞ്ഞ അഭിപ്രായങ്ങളോടു് ഞാൻ യോജിക്കുകയാണു്. ഈ ബില്ലിനു് പൂർവ്വകാലപ്രാബല്യം കൊടുക്കേണ്ടതില്ലെന്നു പ്രൈവറ്റുകമ്മിറ്റി അഭിപ്രായപ്പെട്ടതായി തീരുമാനിച്ചതിനുശേഷം 3-ാം വകുപ്പിലെ 2-ാം ഉപവകുപ്പു് നിലനിറുത്തുന്നതു് ശരിയല്ല. വേണ്ട എന്നു നിശ്ചയിച്ച കാര്യം വേണമെന്നു് ആവർത്തിച്ചു് പറയുന്നതാണു് ഇതിന്റെ വിരുദ്ധാഭാസം. അതു് പ്രസംഗങ്ങളൊന്നുമില്ലാതെ തന്നെ ബഹുമാനപ്പെട്ട മന്ത്രി മാറ്റുമെന്നു ഞാൻ വിശ്വസിക്കുകയാണു്.

വിദ്യാഭ്യാസമന്ത്രി (ശ്രീ. സി. എച്ചു്. മുഹമ്മദുകോയ) : സർ, ഈ ഭേദഗതികൾ സ്വീകരിക്കാൻ നിർവ്വാഹമില്ലെന്നു പറയേണ്ടിവന്നതിൽ ഖേദിക്കുകയാണു്. ബഹുമാനപ്പെട്ട ശിവരാമഭാരതി ഇടയ്ക്കിടെ അദ്ധ്യാപകരുടെ ചില കാര്യങ്ങൾ പറയുകയുണ്ടായി. ഗവണ്മെന്റു് ഇതുകൊണ്ടുദ്ദേശിക്കുന്നതു് ഓർഡിനൻസിന്റെ കാലത്തിൽ ഗവണ്മെന്റു് എടുത്ത ചില നടപടികൾ സാധൂകരിച്ചു് അതിനെ റഗുലൈസു് ചെയ്യാൻ മാത്രമാണു്. ഇതിൽ നിയമപരമായ തകരാറുണ്ടാകുമെന്നു തോന്നുന്നില്ല.

ശ്രീ. എ. കെ. അപ്പു : മാനേജർക്കു് ശിക്ഷാധികാരമുള്ള ഡിപ്പാർട്ടുമെന്റു് അതു ചെയ്യുമ്പോൾ പിന്നെയും കേസുകളുണ്ടാകും.

ശ്രീ. സി. എച്ചു്. മുഹമ്മദുകോയ : ഡിപ്പാർട്ടുമെന്റു് ശിക്ഷ റദ്ദാക്കിയ കേസുകളുണ്ടാകും. അതു കൊണ്ടു് ഓർഡിനൻസുപ്രകാരമുള്ള നടപടികൾ ശരിയാകുമെന്നാണു് എന്റെ വിശ്വാസം.

ശ്രീ. കെ. എ. ശിവരാമഭാരതി : കോടതിവിധി ഉണ്ടായതു് നടപ്പിൽ വരുത്തുന്നതിനുശേഷം കൊണ്ടുവന്നിട്ടുള്ള ഓർഡിനൻസുപ്രകാരമാണു് വീണ്ടും നടപടിയെടുത്തിട്ടുള്ളതു്. കോടതി വിധി ഇംപ്ലിമെന്റു ചെയ്യുന്നതിനുപകരം സ്വീകരിച്ചിട്ടുള്ള നടപടി എങ്ങനെ സാധൂകരിക്കാനാണു്.

ശ്രീ സി. എച്ചു്. മുഹമ്മദുകോയ : അങ്ങനെയുള്ള ക്രമക്കേടുകൾ വന്നിട്ടുണ്ടെങ്കിൽ അതു് വേറെ പരിഗണിക്കാവുന്നതാണു്. ഇതിൽ അതു തകരാറുണ്ടെന്നു തോന്നുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly

The Amendment moved by Shri K. M. Mani was put and lost.

The question that Clause 3 stands part of the Bill was put and carried.

Clause 3 was added to the Bill.

Clause 1, Preamble and Title

The question that Clause 1, Preamble and Title stand part of the Bill was put and carried.

Clause 1, Preamble and Title were added to the Bill.

Education Minister (**Shri C. H. Mohammed Koya**) : Sir, I move that the Kerala Education (Amendment) Bill, 1969 be finally passed.

Revenue Minister (**Smt. K. R. Gouri**) : Sir, I second it.

The question that the Kerala Education (Amendment) Bill, 1969 be finally passed was put and carried.

The Bill was passed.

(ii) The Kerala Panchayati Raj Bill 1967

Dy. Speaker : We will now resume the discussion on the motion for consideration of the Kerala Panchayati Raj Bill.

ശ്രീ. എ. എസ്. പുരുഷോത്തമൻ : സർ, ഈ ബില്ലിനെ പരാമർശിച്ചുകൊണ്ട് പ്രതിപക്ഷത്തുള്ള ചില മെംബർമാർ ഇവിടെ സംസാരിച്ചത് തങ്ങൾ അധികാര വികേന്ദ്രീകരണം നടത്തുന്ന കാര്യത്തിൽ കൂടുതൽ താൽപര്യമുള്ളവരാണെന്നും അതിനു ഭരണകക്ഷി എതിരാണെന്നുമാണ്. മാത്രവുമല്ല പഞ്ചായത്തു തിരഞ്ഞെടുപ്പ് നീട്ടിക്കൊണ്ടുപോകുന്നത് അധികാരവികേന്ദ്രീകരണം നടത്താനുള്ള താല്പര്യക്കുറവുകൊണ്ടാണെന്നും ആരോപണമുണ്ടാകുകയും ചെയ്തു. ഇത്തരം ഒരാരോപണമുന്നയിക്കുമ്പോൾ പ്രതിപക്ഷമെംബർമാരോട്, വിശേഷിച്ച് കോൺഗ്രസ്സുകാരോട് എനിക്കു ചോദിക്കാനുള്ളത് 1960-ൽ നിങ്ങൾ അധികാരത്തിലിരുന്നപ്പോൾ രണ്ടു മൂന്നു വർഷങ്ങളോളം തിരഞ്ഞെടുപ്പ് നടത്താൻ നിങ്ങൾക്കു കഴിഞ്ഞിട്ടുണ്ടോ എന്നാണ്. 1963-ൽ നടന്ന തിരഞ്ഞെടുപ്പിനുശേഷം എത്രാണ്ട് 1963-ലാണ് നിങ്ങൾക്കു തിരഞ്ഞെടുപ്പ് നടത്താൻ സാധിച്ചത്. അങ്ങനെ ഇതിനുമുൻപ് തിരഞ്ഞെടുപ്പുകളെല്ലാം കഴിയുന്നതു നീട്ടിക്കൊണ്ടുപോയിട്ടുള്ള പാരമ്പര്യമുള്ള നിങ്ങൾ ഈ ഗവണ്മെൻറിനെപ്പറ്റി ഇങ്ങനെ പറയുന്നതു് എനിക്കു മനസ്സിലാകുന്നില്ല. അതുപോലെതന്നെ ജനങ്ങൾക്കു് അധികാരം കൊടുക്കുന്ന ഏതൊരു നിയമനിർമ്മാണം ഈ സഭയിൽ കൊണ്ടുവരുമ്പോഴും അതിനെല്ലാം നിങ്ങൾ എതിരായി നിന്നിട്ടുള്ള വസ്തുതകളാണ് അനുഭവത്തിലുള്ളത്. ഈ സഭ പാസ്സാക്കിക്കഴിഞ്ഞിരുന്ന വേഴ്സിറ്റി ബില്ലിന്റെ കാര്യത്തിലും ഇപ്പോൾ സഭയിൽ അവതരിപ്പിച്ചിരിക്കുന്ന കർഷകബന്ധനിയമത്തിന്റെ കാര്യത്തിലും എല്ലാം ഇതേ അനുഭവമാണ് ഉണ്ടായിട്ടുള്ളത്. ഇത്രയും ആരോപണങ്ങളുന്നയിക്കുന്നതിൽ യാതൊരു അടിസ്ഥാനവുമില്ല. പഞ്ചായത്തിനും ജില്ലാ കൗൺസിലിനും കൂടുതൽ അധികാരം നൽകണമെന്നുള്ള ലക്ഷ്യത്തോടുകൂടിയാണ് ഈ ബിൽ അവതരിപ്പിച്ചിരിക്കുന്നത്. ഓരോ കാര്യത്തിലും സ്വാഭാവികമായി അഭിപ്രായവ്യത്യാസമുണ്ടാകാറുള്ളതുപോലെ ഭരണകക്ഷി അംഗങ്ങൾക്കും ഈ ബില്ലിനെക്കുറിച്ച് അഭിപ്രായവ്യത്യാസങ്ങൾ ഉണ്ടായി. എങ്കിലും ജനങ്ങൾക്കു കൂടുതൽ അധികാരം കൊടുക്കുക എന്നുള്ള ലക്ഷ്യത്തിൽ ഉറച്ചുനിൽക്കുകയാണ് ഈ ഗവണ്മെൻറ്. ഈ ലക്ഷ്യപ്രയോഗത്തിൽ വരുത്തണമെങ്കിൽ പഞ്ചായത്തുകൾക്കും ജില്ലാകൗൺസിലുകൾക്കും ആവശ്യമായ സാമ്പത്തികസഹായങ്ങൾ ചെയ്തുകൊടുക്കണം. എങ്കിൽമാത്രമേ

LIBRARY ARCHIVES Kerala Legislative Assembly